163

# ജനനീതി

നവംബർ 2010

3.00 ക.



2010ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ചീനയിലെ മനുഷ്യാവകാശ പ്രവർത്തകനായ ലിയു സിയാബോ.

# എന്താണ് സത്യം?

**- ജ: വി.ആർ. കൃഷ്ണയ്യർ -**

സുപ്രീം കോടതിയിലെ പ്രഗത്ഭനായൊരു സീനിയർ അഭിഭാഷകനാണ് ശാന്തിഭൂഷൺ. മുൻ നിയമകാര്യമന്ത്രിയായ അദ്ദേഹം പൊതുകാര്യങ്ങളിൽ തൽപ്പരനായ ഒരഭിഭാഷകനാണ്. ഇപ്പോൾ അദ്ദേഹം ദേശീയ മന:സ്സാക്ഷിയുടെ അസാധാരണമായ പ്രകടനമെന്നോണം ഒരു വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. റിപ്പബ്ലിക്കിലെ പരമോന്നത നീതിപീഠത്തിലിരിക്കുന്നവരുടെ ആർജ്ജവ ബുദ്ധിയെ അദ്ദേഹം ചോദ്യം ചെയ്തിരിക്കുന്നു. മുമ്പ് റിട്ടയർ ചെയ്ത 16 ചീഫ് ജസ്റ്റീസുമാരിൽ എട്ടുപേർക്കെതിരെ അദ്ദേഹം അഴിമതിയാരോപണം ഉന്നയിച്ചിരിക്കുന്നു. ധൈര്യമുണ്ടെങ്കിൽ എനിക്കെതിരെ കോർട്ടലക്ഷ്യ കേസ്സെടുക്കൂ എന്നമട്ടിലാണ് അദ്ദേഹം പെരുമാറുന്നത്. ഭൂഷന്റെ പ്രവൃത്തി വീരസ്യപ്രകടനം പോലെ തോന്നുന്നു. ഏതായാലും മാധ്യമങ്ങൾ അതെല്ലാം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരമപ്രധാനമായ ഈ വിഷയത്തിൽ ഇനി നടപടിയെടുക്കേണ്ടത് രാഷ്ട്രമാണ്. അമ്പരപ്പിക്കുന്ന ഒരു സംഭവമാണിത് – അപൂർവ്വങ്ങളിൽവച്ച് അപൂർവ്വമായത്. ഇന്ത്യ ഒരു ഭീരുവല്ലെങ്കിൽ സ്വരാജ് എന്നത് കാഴ്ചപണ്ടമല്ലെങ്കിൽ, അത്യുന്നത തലത്തിലുള്ള അന്വേഷണവും തദനുസൃതമായ മേൽ നടപടിയും അനിവാര്യമാണ്. ഇത് ശിക്ഷാർഹമാണെങ്കിൽ ശിക്ഷിക്കുക; അറച്ചുനിൽക്കേണ്ട സമയമല്ല ഇത്. വായാടിത്തംകൊണ്ട് അടിയും തടയും നടത്തുകയല്ല വേണ്ടത്. കരുതലോടെ തന്ത്രപരമായ പ്രതികരണങ്ങളിലൂടെ ഒഴിഞ്ഞുമാറേണ്ട കാര്യവുമല്ലിത്. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തതാണിത്. സീനിയറായ ഒരഭിഭാഷകൻ തന്റെ ഭാവിയെത്തന്നെ അപകടത്തിലാക്കിക്കൊണ്ട് മുൻ ചീഫ് ജസ്റ്റീസുമാരുടെ ഒരു പരമ്പരയെത്തന്നെ കുറ്റപ്പെടുത്തിയിരിക്കുകയാണ്.

ഒന്നുകിൽ നടപടിയെടുക്കുക; അല്ലെങ്കിൽ സർവ്വസ്വനാശത്തിന്ന് സന്നദ്ധമാകുക. ഇത് സാധാരണ നിലക്കുള്ള പൊതുതാൽപര്യക്കേസ് പോലെയല്ല. ഇതുവരെ ഒരു ജനാധിപത്യത്തിലും ഇത്തരത്തിലൊന്നുണ്ടായിട്ടില്ല. ആലോചിച്ചിരിക്കാനോ അവഗണിക്കാനോ ഒരു നിമിഷം പോലുമില്ല. ഭൂഷണന്റെ വീരസ്യത്തെ നേരിടാതെ ഇന്ത്യ ഉറക്കം തൂങ്ങിയിരുന്നാൽ, ലോകം ഇന്ത്യൻ ജനാധിപത്യത്തെത്തന്നെ പുഛിക്കും.

ശാന്തിഭൂഷണന്നും ചീഫ് ജസ്റ്റീസ് കപ്പാഡിയക്കും അതീതമായൊരു പ്രതിസന്ധിയാണിവിടെയുള്ളത്. അത്യസാധാരണമായ ഈ കുറ്റാരോപണം ഒരു വിചാരണയെ അനിവാര്യമാക്കുന്നു.

(21/9 ലെ ഹിന്ദുവിൽനിന്നുള്ള സംഗ്രഹം) ❑



**ജനനീതി**

നവംബർ 2010

**163**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# വല്ലാത്തൊരു കേസും വല്ലാത്തൊരു വിധിയും

ഭാരതത്തിലെ ജനങ്ങളായ നാം നമുക്കായി 1949 നവമ്പർ 26ന്ന് ഒരു ഭരണഘടന അംഗീകരിച്ചു. ഇതനുസരിച്ച് വിവിധ തലങ്ങളിൽ നിയമ നിർമ്മാണസഭകളുണ്ട്; നിർവ്വഹണ സമിതികളുണ്ട്; നീതിന്യായ സംവിധാനങ്ങളുണ്ട്. മൂന്നിനും അതിന്റേതായ പ്രവർത്തനമേഖല നിർണയിച്ചിട്ടുണ്ട്. നിയമ ലംഘകർക്ക് നിയമാനുസൃതമായ ശിക്ഷ വിധിക്കുക, നിയമനിർമ്മാണ സഭ അംഗീകരിക്കുന്ന നിയമങ്ങൾ ഭരണഘടനക്കനുസൃതമാകുമെന്ന് ഉറപ്പുവരുത്തുക; നിർവ്വഹണ സമിതികൾ അതിർത്തിവിട്ടുപോകാതെ നോക്കുക; ഒരു നിയമത്തെക്കുറിച്ച് സംശയം തോന്നിയാൽ നിയമം വ്യാഖ്യാനിക്കുക എന്നിവയാണ് നീതിന്യായ സംവിധാനത്തിന്റെ ചുമതലകൾ. എന്നാൽ ഈ പരിധികളും പരിമിതികളും ലംഘിച്ച് ന്യായാസനങ്ങൾ വേദാന്തം പറയാൻ തുടങ്ങിയാലോ? അയോധ്യാ പ്രശ്നം സംബന്ധിച്ച് അല്ലാഹാബാദ് ഹൈക്കോടതിയിലുണ്ടായിരിക്കുന്ന വിധി അതാണ്.

പ്രശ്നം വളരെ ലളിതമാണ്. അയോധ്യയിൽ ഏതാണ്ട് 500 കൊല്ലമായി ബാബറി മസ്ജിദ് എന്നപേരിൽ ഒരുകെട്ടിടം നിലനിന്നിരുന്നു. അത് ശ്രീരാമൻ ജനിച്ച സ്ഥലമാണെന്ന് ചിലർ അവകാശവാദം ഉന്നയിച്ചിരുന്നു. ബ്രിട്ടീഷ് ഭരണകാലത്തുതന്നെ തള്ളപ്പെട്ട കേസാണിത്. ഇന്ത്യ സ്വാതന്ത്ര്യം നേടിയശേഷം ഈ തർക്കം വീണ്ടും ഉയർന്നുവന്നു. ഇതിനെത്തുടർന്ന് ബാബറി മസ്ജിദിന്ന് രാപ്പകൽ പോലീസ് സംരക്ഷണം ഏർപ്പെടുത്തി. എന്നാൽ 1949 ഡിസംബർ 22ന്ന് രാത്രി പോലീസിന്റെ കണ്ണുവെട്ടിച്ചോ അല്ലെങ്കിൽ പോലീസിന്റെ

ഒത്താശയോടുകൂടിയോ ചിലർ ബാബറി മസ്ജിദിനകത്ത് ചെറിയൊരു ശ്രീരാമ വിഗ്രഹം കൊണ്ടുപോയി വച്ചു. പോലീസ് സംരക്ഷണം ഭേദിച്ചു നടത്തിയ ഒരു പ്രവൃത്തിക്കെതിരെ പോലീസ് തന്നെ നടപടിയെടുക്കേണ്ടതായിരുന്നു. എന്നാൽ ആരുടെയെല്ലാമോ ഒത്താശയോടെ അതവിടെത്തന്നെ സംരക്ഷിച്ചു. അതായത്, സംരക്ഷിക്കേണ്ടത് സംരക്ഷിച്ചില്ലെന്നല്ല, സംരക്ഷിക്കാൻ പാടില്ലാത്തത് പോലീസിന്റെ സംരക്ഷണയിലാകുകയും ചെയ്തു. തുടർന്ന് ഉയർന്നുവന്ന കേസുകളെല്ലാം അല്ലാഹാബാദ് ഹൈക്കോടതിയിലേക്ക് മാറ്റുകയും ഹൈക്കോടതി നേരിട്ട് വിചാരണ നടത്തുകയുമാണുണ്ടായത്.

ഒരാൾ മരിച്ചത് എപ്പോഴാണെന്നറിയാനായി അയാളുടെ ബന്ധുക്കളോ മിത്രങ്ങളോ മറ്റോ കല്ലറകൾ നിർമ്മിക്കാറുണ്ട്. മാർക്സിന്റെ ശവകുടീരം ബ്രിട്ടനിൽ സംരക്ഷിച്ചു വരുന്നത് ഒരു ഉദാഹരണം. പ്രാചീനകാലത്ത് നാട്ടിയ പല വീരക്കല്ലുകളും പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുമുണ്ട്. എന്നാൽ ഒരാൾ ജനിച്ചത് എവിടെയാണെന്ന് ഒരാളും ഒരിക്കലും എഴുതിവക്കാറില്ല. അയോധ്യാ കേസിൽ വിധി പറഞ്ഞ ജഡ്ജിമാർ ജനിച്ച സ്ഥലം ഏതാണെന്ന് ചൂണ്ടിക്കാട്ടാൻ അവർക്കുതന്നെ സാധ്യമാകുമെന്ന് തോന്നുന്നില്ല. അപ്പോൾ പതിനേഴ് ലക്ഷം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ശ്രീരാമന്റെ ജന്മസ്ഥലം ഏതാണെന്ന് ഒരാൾക്കെങ്ങനെ വിധിക്കാൻ കഴിയും? പക്ഷെ അല്ലാഹാബാദ് ഹൈക്കോടതിയിൽ ഉണ്ടായിരിക്കുന്ന വിധി അത്തരത്തിൽ പെട്ടതാണ്. ജനങ്ങൾ അങ്ങനെ വിശ്വസിക്കുന്നു എന്നതാണ് കോടതി പറയുന്ന ഞായം. നൂറുകോടി ജനങ്ങളുള്ള ഇന്ത്യയിൽ ശ്രീരാമന്റെ ജന്മസ്ഥലമെന്നല്ല, അയോധ്യതന്നെ എവിടെയാണെന്ന് എത്രപേർക്ക് അറിവുണ്ടാകും?

കോടതി വിധി പറയുമ്പോൾ അത് “Speaking order” ആയിരിക്കണമെന്ന് സുപ്രീം കോടതിതന്നെ അനുശാസിച്ചിട്ടുണ്ട്. അതായത്, നാലാൾ കേട്ടാൽ ആ വിധിയിൽ ന്യായമുണ്ടെന്ന് സമ്മതിക്കുന്ന തരത്തിൽ, വാദിഭാഗത്തിന്റേയും പ്രതിഭാഗത്തിന്റേയും വാദമുഖങ്ങൾ നിരത്തിവച്ചുകൊണ്ടുള്ളതാകണം വിധി. അല്ലാഹാബാദ് ഹൈക്കോടതി വിധിക്കാധാരം ചിലരുടെ വിശ്വാസമാണ്. വിശ്വാസം വിധിക്കൊരാധാരമാണെങ്കിൽ, അത് രാഷ്ട്രീയത്തിൽ പെടുന്നു. ഗവർമ്മേണ്ടിന്നു വേണമെങ്കിൽ ഹിതപരിശോധന നടത്തി വിശ്വാസം സ്ഥാപിക്കാം. പക്ഷെ നമ്മുടെ ഭരണഘടനയിൽ അതിന്നു വ്യവസ്ഥയില്ല. കോടതിക്കതിൽ ഒരു താല്പര്യവുമുണ്ടാകാൻ നിവൃത്തിയില്ല. നിയമത്തിന്റേയും തെളിവിന്റേയും അടിസ്ഥാനത്തിൽ മാത്രമേ മുൻസിഫ് കോടതി മുതൽ സുപ്രീം കോടതിവരെയുള്ള ഏതു കോടതിക്കും ഒരു വിധി പറയാൻ അധികാരമുള്ളൂ. അല്ലാഹാബാദ് ഹൈക്കോടതിയിൽ ഉണ്ടായിരിക്കുന്നത് അത്തരത്തിലുള്ള ഒരു വിധിയല്ല. ഏത് ആഫ്രിക്കക്കാരന്നും റഷ്യക്കാരന്നും ചീനക്കാരന്നും, ആസ്ത്രേലിയക്കാരന്നും പറയാവുന്നതുപോലെയുള്ള ഒരു അഭിപ്രായ പ്രകടനമായേ അതിനെ കണക്കാക്കാൻ പറ്റൂ.

ശങ്കരാചാര്യർ ജനിച്ചത് ആലുവാക്കടുത്തുള്ള കാലടിയിലാണെന്ന് വിശ്വസിക്കപ്പെടുന്നുണ്ട്; അതല്ല, തമിഴ്നാട്ടിലാണെന്ന് വേറെ ചിലർ വിശ്വസിക്കുന്നു. ശങ്കരാചാര്യർ മരിച്ചത് കാശ്മീരിലാണെന്നും, അതല്ല ബദരീനാഥിലാണെന്നും, അതൊന്നുമല്ല തൃശൂരിലാണെന്നും വിശ്വസിക്കപ്പെടുന്നുണ്ട്. ഇത്തരം വിശ്വാസങ്ങളെ ആധാരമാക്കി കോടതികൾ വിധി പറയാൻ തുടങ്ങിയാൽ, അത്യന്തം ആപൽക്കരമായൊരു സ്ഥിതിവിശേഷമാണ് സംജാതമാകുക. ശ്രീരാമൻ ജനിച്ചത് അയോധ്യയിലാണെന്നുമാത്രമല്ല പെറ്റുവീണ സ്ഥലംവരെ കോടതി നിശ്ചയിച്ചിട്ടുണ്ട്. അയോധ്യ എന്ന സ്ഥലം എവിടെയാണെന്നുപോലും പണ്ഡിതന്മാർക്കിടയിൽ തർക്കം നിലനിൽക്കുമ്പോഴാണ്, നിയമപഠനം മാത്രം കൈമുതലായുള്ള ജഡ്ജിമാർ പതിനേഴു ലക്ഷം വർഷങ്ങൾക്കുമുമ്പ് ശ്രീരാമൻ പെറ്റുവീണ സ്ഥലം ചൂണ്ടിക്കാണിക്കുന്നത്.

അതേസമയം അയോധ്യയിൽ ഏതാണ്ട് അഞ്ഞൂറു കൊല്ലമായി ബാബറി മസ്ജിദ് എന്ന പേരിൽ ഒരു കെട്ടിടം നിലവിലുണ്ടായിരുന്നുവെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. അതിന്മേൽ ചിലർ ഉന്നയിച്ച അവകാശവാദം ഈ പ്രശ്നത്തിൽ പ്രത്യേകിച്ചൊരു താല്പര്യവുമില്ലാതിരുന്ന ബ്രിട്ടീഷുകാർ പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ തള്ളിക്കളഞ്ഞിരുന്നുവെന്നതിന്ന് രേഖയുണ്ട്; സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അയോധ്യാ പ്രശ്നം ചിലർ കത്തിപ്പൊക്കിക്കൊണ്ടുവന്നപ്പോൾ ബാബറി മസ്ജിദിന്ന് ഗവർമ്മേണ്ട് സംരക്ഷണം ഏർപ്പെടുത്തിയിരുന്നുവെന്നതും ഒരു വസ്തുതയാണ്; 1949 ഡിസംബർ 22ന്ന് പാതിരാ നേരത്താണ് ബാബറിമസ്ജിദിൽ പോലീസിന്റെ കണ്ണുവെട്ടിച്ചോ പോലീസിന്റെ ഒത്താശയോടുകൂടിയോ ശ്രീരാമ വിഗ്രഹം പ്രതിഷ്ഠിച്ചതെന്നതും സംശയാതീതമാണ്. 1992ൽ പതിനായിരക്കണക്കിന്ന് ജനങ്ങൾ നോക്കിനിൽക്കേ ഡസൻ കണക്കിന്ന് ടെലിവിഷൻ ക്യാമറകളുടെ മുന്നിൽവച്ചാണ് ബാബറി മസ്ജിദ് ഇടിച്ചു പൊളിച്ചതെന്നതും ഒരു വസ്തുതയാണ്. ഈ വസ്തുതകളൊന്നും പരിഗണിക്കാതെയാണ് അല്ലാഹാബാദ് ഹൈക്കോടതി ചില സങ്കല്പങ്ങളുടേയും വിശ്വാസങ്ങളുടേയും അടിസ്ഥാനത്തിൽ ഒരു വിധിയെഴുതിയിരിക്കുന്നത്.

അല്ലാഹാബാദ് ഹൈക്കോടതിയുടെ അടിസ്ഥാന രഹിതമായ ഈ വിധി ദുർബ്ബലപ്പെടുത്താതിരുന്നാലുണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റി വിധിയുടെ അടിയിൽ കയ്യൊപ്പ് ചാർത്തിക്കൊടുത്തവരോ മറ്റുള്ളവരോ അശേഷം ചിന്തിച്ചിട്ടില്ലെന്ന് വ്യക്തം. അനേകം പരിവർത്തനങ്ങളിലൂടെ ചവിട്ടിക്കയറി വളർന്നുവന്നൊരു രാജ്യമാണ് ഇന്ത്യ എന്ന ഭാരതം. ഇവിടെ ബ്രാഹ്മണമതമുണ്ടായിരുന്നു; ജൈനമതമുണ്ടായിരുന്നു; ബുദ്ധമതമുണ്ടായിരുന്നു; പിന്നീട് എല്ലാം സമന്വയിപ്പിച്ച ഒരു ഹിന്ദുമതവും വളർന്നുവന്നു. ഇതിന്നിടയിൽ ക്രിസ്തുമതവും യഹൂദമതവും ഇസ്ലാമുമെല്ലാം വളരുകയും തളരുകയും ചെയ്തു. ഇവരിൽ ഓരോ വിഭാഗക്കാർക്കുമുണ്ട് പറയാനേറെ വിശ്വാസങ്ങൾ. വിശ്വാസാധിഷ്ഠിതമായി കേസ് കൊടുക്കാമെന്നും വിധിയെഴുതാമെന്നും വന്നാൽ എവിടെയെല്ലാം എത്രായിരം കേസുകൾ ഉയർന്നുവരും? ഐതിഹ്യമാലയെടുത്ത് നിവർത്തിവച്ചാൽത്തന്നെ ഒരായിരം കേസിന്നുള്ള വകയെങ്കിലും കിട്ടും. ഭരണഘടനയും നിയമങ്ങളുമെല്ലാം അതോടെ അപ്രസക്തമായിത്തീരുകയും ചെയ്യും. ജനാധിപത്യത്തിന്റെ ആധാരശില വ്യവസ്ഥാപിതമായ ഭരണഘടനയും തദനുസൃതമായ നിയമങ്ങളുമാണെന്നോർക്കുക. ❏

# ഒരു മാതൃകാ വിവാഹ സമ്മാനം

**- ജ: വി.ആർ. കൃഷ്ണയ്യർ -**

**വ**നംകാര്യമന്ത്രി ബിനോയ് വിശ്വം ഈയിടെ അദ്ദേഹത്തിന്റെ മകളുടെ വിവാഹം ആഘോഷിച്ചു. അതൊരു ഹിന്ദു-മുസ്ലീം മിശ്രവിവാഹമായിരുന്നു. മതേതരത്വത്തെക്കുറിച്ചുള്ള ഒരു നൂറു പ്രസംഗത്തേക്കാളും ഫലപ്രദമാണത്. ജനങ്ങൾ നിങ്ങളെ വിലയിരുത്തുന്നത്, നിങ്ങൾ എന്തു പറയുന്നു എന്നു നോക്കിയല്ല, എന്തു ചെയ്യുന്നുവെന്ന് നോക്കിയാണ്.

സത്യസന്ധനായ ഒരു സോഷ്യലിസ്റ്റ് മതേതരത്വവാദി ഇന്നൊരപൂർവ്വ വസ്തുവാണ്. എന്നിട്ടും ഇവിടെയിതാ ഒരു മന്ത്രി ഒരു വിവാഹാഘോഷം സംഘടിപ്പിക്കുന്നതിന്ന് മഹനീയമായൊരു മാതൃക സൃഷ്ടിക്കുന്നു. അദ്ദേഹം ആരേയും ക്ഷണിച്ചില്ല. എന്നെ വിവരം അറിയിച്ചിരുന്നു - കൂട്ടത്തിൽ ഇതിന്നു വേണ്ടി താങ്കളുടെ സമയം പാഴാക്കേണ്ട എന്നുകൂടി പറഞ്ഞിരുന്നു.

വിശ്വത്തിന്റെ ഭാര്യ ഒരു ക്രിസ്ത്യാനിയാണ്. ദൈവശാസ്ത്രപരമായി കാര്യങ്ങൾ എന്തായാലും മതം മാനവരാശിയെ ഭിന്നിപ്പിക്കുന്നില്ല. നിരീശ്വരവാദികൾക്ക് ജാതിയില്ല. ദൈവം ഒന്നേയുള്ളൂവെന്ന് മതവിശ്വാസികൾ പോലും അറിഞ്ഞിരിക്കേണ്ടതാണ്. ജനങ്ങൾ വ്യത്യസ്തമായ പേരുകളിൽ ആരാധിക്കുന്നതെല്ലാം ഒരേ ദൈവത്തെയാണ്. മനുഷ്യനിൽ കുടികൊള്ളുന്ന ദൈവീകതയുടെ മൂർത്തിമൽഭാവമാണ് ഓരോ മതവുമെന്ന് വിവേകാനന്ദൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നിങ്ങളുടെ മതമെന്തായാലും, സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും ഒരേ ശക്തിയാണ്. ഈയൊരർത്ഥത്തിൽ വിശ്വത്തെ ഞാനൊരു മാതൃകാ പുരുഷനായി കാണുന്നു. മതമേതായാലും മനുഷ്യൻ നന്നാകണം എന്ന് ശ്രീനാരായണഗുരു പറഞ്ഞതിന്റെ അർത്ഥവും ഇതാണ്.

മുൻമുഖ്യമന്ത്രി സി. അച്ചുതമേനോന്റെ മകന്റെ വിവാഹത്തിൽ പങ്കെടുത്തതും ഞാൻ ഈ അവസരത്തിൽ ഓർത്തുപോകുന്നു. ഒരാർഭാടവുമില്ല; ഒരു സവിശേഷ ചടങ്ങുമില്ല; ഒരു സദ്യയുമില്ല. വന്നവർക്കെല്ലാം ഒരു കപ്പ് മധുരപാനീയവും ഒരു നന്ദിയും മാത്രം. വിശ്വം അച്ചുതമേനോനേയും കടത്തിവെട്ടിയിരിക്കുകയാണ്.

(വിശ്വത്തിന്റെ മകളും പത്രപ്രവർത്തകയുമായ രശ്മിയും പേരാമ്പ്ര കുട്ടോത്ത് പുളക്കൂർ അഹമ്മദിന്റെ മകനും പത്രപ്രവർത്തകനുമായ ഷംസുദീനും തമ്മിലുള്ള വിവാഹം സ്പെഷൽ മാര്യേജ് ആക്ട് പ്രകാരം തിരുവനന്തപുരത്തെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ വച്ചാണ് നടന്നത്.)

വിശ്വത്തിന്റെ മകളുടെ വിവാഹത്തിന്ന് പൊന്നിന്റെ തിളക്കമുണ്ടായിരുന്നില്ല. സാമൂഹ്യനീതിയാണിത്. കാരണം സ്ത്രീധനം, സ്വർഭാരണക്കൂമ്പാരം, ആഡംബരങ്ങൾക്കുവേണ്ടിയുള്ള കടംവാങ്ങൽ, വിഭവസമൃദ്ധമായ സദ്യ, ഒട്ടേറെ ക്ഷണിതാക്കൾ, സംഗീതം എന്നിവയെല്ലാം കണക്കില്ലാതെ പണം വേണ്ടിവരുമ്പോൾ നമ്മുടെ പാവങ്ങൾ ദുരന്തത്തിൽ ചെന്നു ചാടുന്നു.

കമ്യൂണിസ്റ്റുകാരെങ്കിലും വിശ്വത്തിന്റെ മാതൃക സ്വീകരിച്ചിരുന്നുവെങ്കിൽ എന്ന് ഞാനാശിച്ചു പോകുകയാണ്. വിശ്വത്തെ ഞാനൊരു മാതൃകാപുരുഷനായികാണുന്നു; ഒരു യഥാർത്ഥ ദേശാഭിമാനി, തോന്നിവാസംകൊണ്ട് നശിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിലെ ➡ ഒരത്ഭുത പുരുഷൻ. ഈ രാഷ്ട്രം അദ്ദേഹത്തെ അനുകരിക്കണം. വിവാഹ കാര്യത്തിൽ മാത്രമല്ല, നിത്യജീവിതത്തിലും അമ്പരപ്പിക്കുന്ന ലാളിത്യമാണദ്ദേഹം പുലർത്തുന്നത്.

ഇന്ന് നമ്മുടെ മന്ത്രിമാരിൽ പലരും സ്വർണത്തിൽ കിടന്ന് നീന്തിത്തുടിക്കുകയാണ്. പബ്ലിസിറ്റി, അധികാരം, സുഖഭോഗങ്ങളിലെ ആറാട്ട്! വരുമാനത്തിൽ കവിഞ്ഞ ചെലവുകൾ വേണ്ടിവരുന്ന ജീവിതരീതികളെ അവലംബിക്കുമ്പോൾ, അഴിമതി അനിവാര്യമായിത്തീരുന്നു. അധികാരമത്ത് തലക്കടിക്കുമ്പോൾ ആരായാലും പതറിപ്പോകും.

ഒരു ഭാഗത്ത് കടുത്ത ദുർവ്യയം; മറുഭാഗത്ത് അസഹനീയമായ ദാരിദ്ര്യം, ഒരേ സമൂഹത്തിൽ രണ്ടും ഒന്നിച്ചുകൂടുമ്പോൾ സമൂഹം പൊട്ടിത്തെറിക്കുന്നു. എത്ര കിട്ടിയാലും മതിയും കൊതിയും തീരാത്ത നമ്മുടെ ആർത്തി മൂലം സമ്പദ്വ്യവസ്ഥ തകർന്നടിയുന്നു. ഇതൊന്നും വികസനമല്ല.

ഗാന്ധിജി എഴുതി: ആവശ്യങ്ങൾ അറ്റമില്ലാതെ പെരുകുകയും എത്ര കിട്ടിയാലും തൃപ്തിവരാതിരിക്കുകയും ചെയ്യുന്ന വിധത്തിൽ ഭൗതിക സമ്പത്ത് സൃഷ്ടിച്ചുകൂട്ടുകയാണ് പ്രാഥമിക ലക്ഷ്യമെന്ന ആശയത്തെ തിരസ്കരിക്കുന്നതാണ് ഗാന്ധിയൻ വികസന സങ്കൽപം.

അദ്ദേഹം തുടരുന്നു: "ആധുനിക ഭൗതിക സമ്പത്തിന്നുള്ള ആർത്തി നമ്മുടെ ലക്ഷ്യമായിരിക്കുന്നിടത്തോളം കാലം നാം പുരോഗതിയുടെ മാർഗ്ഗത്തിൽ മൂക്കുകുത്തിവീണുകൊണ്ടേയിരിക്കും." ❑

# ജനാധിപത്യം വല്ലാത്തൊരു പൊല്ലാപ്പെന്ന് ചിദംബരം

**- അരുന്ധതി റോയ് -**

**ആ**ഭ്യന്തരകാര്യമന്ത്രി പി. ചിദംബരം 2007 ഒക്ടോബറിൽ തന്റെ പഴയ സർവ്വകലാശാലയായ ഹാർവാർഡിൽ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. തനിക്ക് ചെയതു തീർക്കാനുള്ള പണിയെന്താണെന്ന് അന്നദ്ദേഹം വിവരിച്ചിരുന്നു. "ദരിദ്രരായ സമ്പന്നരാജ്യങ്ങൾ: വികസനത്തിന്റെ വെല്ലുവിളി" എന്നതായിരുന്നു പ്രഭാഷണ വിഷയം. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷമുള്ള മൂന്നു ദശകങ്ങളെ "കൈമോശംവന്ന ദശകങ്ങൾ" എന്നാണദ്ദേഹം വിശേഷിപ്പിച്ചത്. ഇന്ത്യയുടെ ദേശീയോൽപ്പാദന വർധനാനിരക്ക് 2002ൽ 6.9 ശതമാനമായിരുന്നത് 2007ൽ 9.4 ശതമാനമായി വർദ്ധിച്ചതിനെച്ചൊല്ലി ആർപ്പുവിളിക്കാനും അദ്ദേഹം മറന്നില്ല. അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാകയാൽ അരസികനായ അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ ഒരു ഭാഗം നിങ്ങളുടെ തലയിൽ കെട്ടിവയ്ക്കാതിരിക്കാനാവില്ല.

ഒരു ജനാധിപത്യത്തിൽ വികസനത്തിന്റെ വെല്ലുവിളി അത്രയൊന്നും വിഷമകരമായിരിക്കില്ലെന്ന് പലരും ധരിച്ചുവച്ചിട്ടുണ്ടാകും. എന്നാൽ വാസ്തവം നേരെ മറിച്ചാണ്. ജനാധിപത്യം അല്ലെങ്കിൽ ജനാധിപത്യ സ്ഥാപനങ്ങളും സോഷ്യലിസ്റ്റ് കാലഘട്ടത്തിന്റെ പൈതൃകവും വികസനത്തിനുള്ള വെല്ലുവിളികളെ വർധിപ്പിക്കുകയേ ചെയ്യുന്നുള്ളൂ. ചില ഉദാഹരണങ്ങളോടുകൂടി ഞാനിത് വിശ

ദീകരിക്കാം. ഇന്ത്യയിൽ ധാതു വിഭവങ്ങൾ സുലഭമാണ്. ലോകത്തിൽ ഏറ്റവുമധികം കൽക്കരിയുള്ള രാജ്യങ്ങളിൽ നാലാം സ്ഥാനം ഇന്ത്യക്കാണ്. അതിന്നു പുറമെ ഇരുമ്പയിര്, മാംഗനീസ്, മൈക്ക, ബോക്സൈറ്റ്, ടൈറ്റേനിയം അയിര്, ക്രോമൈറ്റ്, രത്നങ്ങൾ പ്രകൃതിവാതകം, പെട്രോളിയം, ചുണ്ണാമ്പുകല്ല് എന്നിവയെല്ലാമുണ്ട്. ഈ വിഭവങ്ങൾ വേഗത്തിൽ കാര്യക്ഷമമായി ഖനനം ചെയ്തെടുക്കണമെന്നാണ് സാമാന്യ ബുദ്ധിയുള്ള ഒരാൾ പറയുക. അതിന്ന് വമ്പിച്ച മൂലധന നിക്ഷേപം വേണം; പ്രാപ്തിയുള്ള സംഘടനകൾ വേണം; കമ്പോള ശക്തികൾക്ക് അനുകൂലമായൊരു നയ സാഹചര്യം വേണം. ഈ ഘടകങ്ങളിലൊന്നുംതന്നെ ഇന്ന് ഖനന മേഖലയിൽ ലഭ്യമല്ല. ഇക്കാര്യത്തിലുള്ള നിയമങ്ങളെല്ലാം കാലഹരണം വന്നവയാണ്. പാർലിമെന്റിന്നാകട്ടെ പ്രശ്നത്തിന്റെ വക്കു കടിക്കാനേ കഴിഞ്ഞിട്ടുള്ളൂ. ധാതുനിക്ഷേപങ്ങൾ കണ്ടുപിടിച്ച് ഖനനം ചെയ്യാൻ സ്വകാര്യ മൂലധനത്തെ ആർഷിക്കുന്നതിന്നുള്ള ഞങ്ങളുടെ ശ്രമം പരാജയപ്പെട്ടിരിക്കുകയാണ്. അതേസമയം ഈ മേഖല സംസ്ഥാന ഗവർമ്മേണ്ടുകൾ കയ്യടക്കി വച്ചുവരികയാണ്. ഈ സ്ഥിതിവിശേഷത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനെ എതിർക്കുന്നവർക്ക് ന്യായമായും പറയാൻ കാരണങ്ങളുണ്ട്. അവർ വനം സംരക്ഷിക്കണമെന്നു പറയുന്നു; പരിസ്ഥിതി സംരക്ഷിക്കണമെന്നു പറയുന്നു; ഗോത്രവർഗ്ഗക്കാരെ സംരക്ഷിക്കണമെന്നു പറയുന്നു. മാത്രമല്ല, ധാതുവിഭവ ഖനനം സർക്കാരിന്റെ കുത്തകയാക്കണമെന്ന് വാദിക്കുന്ന ചില പാർട്ടികളുമുണ്ട്. സ്വകാര്യ മേഖല രംഗപ്രവേശം ചെയ്യുന്നതിനെ പ്രത്യയശാസ്ത്രപരമായി എതിർക്കുന്നവരുമുണ്ട്. ഇവർ സുസ്ഥാപിത ട്രേഡ് യൂണിയനുകളിൽനിന്ന് പിൻതുണ സമ്പാദിക്കുന്നു. ഈ യൂണിയനുകളുടെ പിന്നിൽ അവരറിഞ്ഞിട്ടോ അറിയാതേയോ നിലകൊള്ളുന്നത് വ്യാപാര മാഫിയയാണ്. ഇതിന്റെയെല്ലാം ഫലം? യഥാർത്ഥ മൂലധന നിക്ഷേപം വളരെ കുറഞ്ഞിരിക്കുന്നു; ഖനന മേഖലയുടെ വളർച്ച മന്ദീഭവിച്ചിരിക്കുന്നു. അതിപ്പോൾ സമ്പദ് വ്യവസ്ഥയുടെ കഴുത്തിൽ കെട്ടിയിട്ട അമ്മിയായിരിക്കുകയാണ്.

ഞാൻ മറ്റൊരു ഉദാഹരണം പറയാം. വ്യവസായങ്ങൾ ആരംഭിക്കുന്നതിന്ന് വളരെയധികം ഭൂമി വേണം. ഉരുക്കുനിർമ്മാണശാല, അലുമിനീയം നിർമ്മാണശാല തുടങ്ങിയവക്ക് ഖനനം, സംസ്കരണം, ഉല്പാദനം എന്നിവ നടത്താൻ ഭൂമിയേറെ ആവശ്യമുണ്ട്. വിമാനത്താവളം, തുറമുഖം, അണക്കെട്ട്, വൈദ്യുതോൽപ്പാദന കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വൻതോതിൽ ഭൂമി വേണ്ടിവരും. ഗവർമ്മേണ്ടിന്റെ പരമാധികാരം എന്ന ആശയം വച്ചാണ് ഇതുവരെ ഇതിനൊക്കെ ആവശ്യമായ ഭൂമി അക്വയർ ചെയ്തിരുന്നത്. തക്കതായ നഷ്ടപരിഹാരം നൽകണമെന്ന ഒരു ഭാരം മാത്രമേ ഇതിന്നുണ്ടായിരുന്നുള്ളൂ. ഇപ്പോൾ സ്ഥിതിയാകെ മാറി. ഓരോ പദ്ധതി വരുമ്പോഴും നൂറുകൂട്ടം ബാധ്യതകൾ വരും. ഇപ്പോൾ ഒരു പദ്ധതി ആരംഭിക്കുന്നതിന്നുമുമ്പ് അതിന്റെ പാരിസ്ഥിതിക ആഘാതം നോക്കണം; ഭൂമി അക്വയർ ചെയ്യുന്നത് ന്യായമായ ആവശ്യത്തിന്നാണെന്ന് ബോധ്യപ്പെടുത്തണം; നഷ്ടപരിഹാരം ശരിക്കും നൽകണം. അക്വസിഷൻ മൂലമുണ്ടാകുന്ന യാതനകൾക്കും വേദനകൾക്കും നിവാരണമുണ്ടാക്കണം, സ്ഥലം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കണം, കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കണം; ഭവന നിർമ്മാണത്തിന്ന് വേറ ഭൂമി നൽകണം; കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് വേറെ കൃഷിഭൂമി നൽകണം; പദ്ധതി മൂലം വഴിയാധാരമാകുന്ന കുടുംബങ്ങളിൽ ഒരു കുടുംബത്തിൽ ഒരാൾക്കെന്ന തോതിൽ ജോലി നൽകണം......"

ജനാധിപത്യമെന്ന പൊല്ലാപ്പിനെക്കുറിച്ച് നമ്മുടെ മന്ത്രി എത്ര ഖിന്നനാണെന്നു നോക്കൂ. "ജനാധിപത്യം, അതായത് ജനാധിപത്യ സ്ഥാപനങ്ങൾ, സോഷ്യലിസ്റ്റ് യുഗത്തിന്റെ മാറാപ്പ് വികസനത്തിന്നുള്ള തടസ്സമാണെന്ന് മന്ത്രി പറയുന്നു. തീർന്നില്ല, അതിനോടൊപ്പം അദ്ദേഹം പതിവുള്ള നുണകളെല്ലാം ആവർത്തിച്ചിട്ടുണ്ട്. വീടും കുടിയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുമത്രെ; അവരെ പുനരധിവസിപ്പിക്കുമത്രെ; അവർക്കു തൊഴിൽ നൽകുമത്രെ. എന്തു പരിഹാരം? എന്ത് യാതനാനിവാരണം? എന്തു ജോലി? അക്വസിഷന് ന്യായീകരണം നൽകാൻ ഗവർമ്മേണ്ട് ബാധ്യസ്ഥമാണത്രെ. ഗോത്രവർഗ്ഗക്കാരുടെ ഭൂമി അക്വയർ ചെയ്ത് മുതലാളിമാർക്ക് ഏൽപ്പിച്ചുകൊടുക്കുന്നത് നിയമവിരുദ്ധമാണെന്ന് ഒരു മന്ത്രിക്കറിവുണ്ടാകാതിരിക്കാൻ നിവൃത്തിയില്ല. പഞ്ചായത്ത് രാജ് നിയമപ്രകാരം അത് ഭരണഘടനാവിരുദ്ധമാണ്. 1950ൽ ഇന്ത്യൻ ഭരണഘടന പാസാക്കിയപ്പോൾ ഗോത്രവർഗ്ഗക്കാരോട് കാണിച്ച അനീതിക്കൽപ്പം ഉപശാന്തിയുണ്ടാക്കാനാണ് പഞ്ചായത്ത് രാജ് നിയമം പട്ടികവർഗ്ഗ മേഖലക്ക് ബാധകമാക്കുന്ന ഭരണഘടനാ ഭേദഗതി 1996 ൽ പാസാക്കിയത്. പഞ്ചായത്ത് രാജ് നിയമത്തിന്നു വിരുദ്ധമായ എല്ലാ നിയമങ്ങളേയും അസാധുവാക്കുന്ന ഒന്നാണത്. ഗോത്രവർഗ്ഗ ഭൂമികൾ ഒരു കാരണവശാലും അക്വയർ ചെയ്യാവുന്നതല്ല.

പഞ്ചായത്ത് രാജ് നടപ്പാക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതിയെക്കുറിച്ച് ഒരു അവലോകനം തയ്യാറാക്കാൻ പഞ്ചായത്ത് രാജ് മന്ത്രി കാര്യാലയം രണ്ടുകൊല്ലം മുമ്പ് തീരുമാനിച്ചു. പഞ്ചായത്ത് രാജ് നിയമം ഗോത്രവർഗ്ഗ മേഖലയിൽ എത്രത്തോളം നടപ്പാക്കി എന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ രണ്ടു സ്വതന്ത്ര ഗവേഷകരെയാണ് നിയോഗിച്ചിരുന്നത്. അവരുടെ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു:

1894ലെ അക്വസിഷൻ നിയമം പഞ്ചായത്ത് രാജ് നിയമങ്ങൾക്കനുസൃതമായി ഇനിയും ഭേദഗതി ചെയ്തിട്ടില്ല. ഇപ്പോഴും കോളനിവാഴ്ചക്കാലത്തുണ്ടാക്കിയ നിയമമെടുത്ത് തലങ്ങും വിലങ്ങും വീശിക്കൊണ്ടിരിക്കുകയാണ്. ഭരണഘടനയുടെ അഞ്ചാം പട്ടികയിൽ പറയുന്ന ഗോത്രവർഗ്ഗ ഭൂമി ഗോത്രവർഗ്ഗക്കാരല്ലാത്തവർക്ക് വിൽക്കാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ ഇത്തരം ഭൂമി കൈമാറ്റം തുടർന്നുകൊണ്ടിരിക്കുന്നു. ഉദാരവൽക്കരണാനന്തരമുള്ള കാലഘട്ടത്തിൽ ഇത് വർധിച്ചിട്ടുമുണ്ട്.

ഗോത്രവർഗ്ഗക്കാര്യങ്ങൾ മാത്രമല്ല ഇവിടെ പ്രസക്തമാകുന്നത്. ഇന്ത്യയുടെ ആഭ്യന്തരകാര്യമന്ത്രിക്ക് ജനാധിപത്യത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ ഇതൊക്കെയാണെങ്കിൽ ഈ ജനാധിപത്യം എവിടെ ചെന്നാണ് നിൽക്കുക? ❑

# അയോധ്യാ പ്രശ്നം പരിഹരിക്കാം

**അ**യോധ്യ പ്രശ്നത്തിന്ന് ഒരു പരിഹാരം സാധ്യമാണോ എന്ന് പ്രശ്സ്ത ചരിത്രകാരനായ കെ.എൻ. പണിക്കർ 27-09-2010 ൽ "ഹിന്ദു"വിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ചോദിക്കുകയാണ്ടായി.

ഇന്നത്തെ സ്ഥിതിവച്ചു പറഞ്ഞാൽ ആർക്കും ഒന്നും ചെയ്യാനാകാത്ത സ്ഥിതിയാണുള്ളത്. ഗവർമ്മേണ്ടാണ് പ്രശ്നം വഷളാക്കിയത്. എന്നിട്ടവർ അത് കോടതിയുടെ തലയിൽ വച്ചുകെട്ടി. കോടതി അത് ഒന്നുകൂടി വഷളാക്കിയശേഷം ഇപ്പോൾ സർക്കാരിന്റെ തലയിൽ തന്നെ വച്ചുകെട്ടിയിരിക്കുന്നു. നിരർത്ഥകമായ ഈ തർക്കത്തിന്റെ ദുഷ്ഫലം അനുഭവിക്കുന്നതാകട്ടെ, അയോധ്യ എന്നു പറഞ്ഞാൽ എന്താണെന്നോ എവിടെയാണെന്നോ അറിയാത്ത നിർദ്ദോഷികളുമാണ്. ഇന്ത്യയിലെ ജനങ്ങളിൽ 99 ശതമാനവും ഈ വിഭാഗത്തിൽ പെടുന്നു. അതുകൊണ്ടു തന്നെ ഈ പ്രശ്നം പരിഹരിച്ചേ തീരൂ.

എന്താണിതിന്നൊരു മാർഗ്ഗം? വർഗ്ഗീയവാദികളെ ആശ്രയിച്ചിട്ടൊരു കാര്യവുമില്ലെന്ന് നാം കണ്ടു കഴിഞ്ഞു. താൻ പിടിച്ച മുയലിന്ന് കൊമ്പ് രണ്ടുണ്ടെന്ന് അവർ വാദിച്ചുകൊണ്ടേയിരിക്കും അതിനാൽ അവരെ ഈ പ്രശ്നത്തിൽനിന്ന് അകറ്റി നിർത്തുകയേ നിവൃത്തിയുള്ളൂ. ഒരു സ്ഥാപനം നിലനിൽക്കുന്ന സ്ഥലം പതിനേഴുലക്ഷം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്നതായി കരുതപ്പെടുന്ന ഒരാളുടെ ജന്മസ്ഥാനമാണെന്ന് ആരെങ്കിലും വാദിച്ചാൽ കോടതിക്കവിടെ ഒന്നും ചെയ്യാനാവില്ല. ജ്യോത്സ്യന്മാർക്ക് മാത്രം കൈകാര്യം ചെയ്യാവുന്ന ഒരു വിഷയമാണത്. ജനകീയ സമ്പർക്കമില്ലാത്ത ഒരു ഗവർമ്മേണ്ടിന്നു കൈകാര്യം ചെയ്യാവുന്ന ഒരു വിഷയവുമല്ല ഇത്. അതുകൊണ്ടാണല്ലോ പോലീസ് സംരക്ഷണത്തിലുള്ള ഒരു സ്ഥലത്ത് ചിലർ ഒരു വിഗ്രഹം കൊണ്ടുവന്നു വച്ചകാര്യം അറുപത് കൊല്ലത്തിന്നുശേഷം ഇന്നും എങ്ങുമെത്താതെ കിടക്കുന്നത്.

അപ്പോൾ നമുക്ക് എന്തുചെയ്യാനാകും? ഹിന്ദുക്കൾക്കിടയിലും മുസ്ലീമുകൾക്കിടയിലും മിക്കവരും വിവേകശാലികളാണ്. അവർക്കിടയിൽനിന്ന് ഓരോ ഡസൻ പണ്ഡിതന്മാരെ നമുക്കു തിരഞ്ഞെടുക്കാം. അതുപോലെ മതത്തിനെല്ലാം അതീതമായി ചിന്തിക്കുന്നവരും നമുക്കിടയിൽ സുലഭമാണ്. അവർക്കിടയിൽനിന്നും ഒരു ഡസൻ പണ്ഡിതന്മാരേയും നമുക്ക് ക്ഷണിച്ചു വരുത്താം. ഈ ദേശാഭിമാനികളെല്ലാം കൂടി ഒരു മേശക്ക് ചുറ്റുമിരുന്ന് കൂടിയാലോചിച്ചാൽ അയോധ്യാപ്രശ്നത്തിന്നൊരു പരിഹാരം കണ്ടെത്താനാകും, തീർച്ച. അവരുടെ തീരുമാനം, അതെന്തായാലും, നടപ്പാക്കാനുള്ള ഇഛാശക്തി ഗവർമ്മേണ്ടിനുണ്ടാകണമെന്നേയുള്ളു. പ്രശ്നം ഇത്രത്തോളം വഷളായതുതന്നെ വെറും "വോട്ടുരാഷ്ട്രീയം" കൊണ്ടാണ്എന്ന വസ്തുത നമുക്കു മറക്കാതിരിക്കുക. നാലു വോട്ടിന്നുവേണ്ടി നാടിനു വിനാശകരമായ നടപടികൾ സ്വീകരിച്ച പാരമ്പര്യമുള്ളവരാണ് നമ്മുടെ നേതാക്കന്മാർ എന്നതും നമുക്ക് മറക്കാതിരിക്കുക.

ഇപ്പോഴത്തെ സ്ഥിതി ഇതാണ്. ബാബറി മസ്ജിദ് വകയായ മൂന്നേക്കർ അയോധ്യയിലുണ്ട്. അതിന്റെ പരിസരത്തിലുള്ള 67 ഏക്കർ ഭൂമി സർക്കാർ അക്വയർ ചെയ്തിട്ടുമുണ്ട്. അങ്ങനെ എഴുപതേക്കർ ഭൂമി അവിടെ ലഭ്യമാണ്. ഇതിന്റെ ഒരു ഭാഗം ഒരു കൂട്ടർക്കും മറു ഭാഗം മറ്റൊരു കൂട്ടർക്കും ആരാധനാകേന്ദ്രം നിർമ്മിക്കാനായി നൽകാവുന്നതേയുള്ളു. രണ്ടു ആരാധനാകേന്ദ്രങ്ങൾക്കും ഇടയിലുള്ള 68 ഏക്കർ ഒരു പൂന്തോട്ടമാക്കാം; അതല്ലെങ്കിൽ ഒരു സ്നാന ഘട്ടമാക്കാം. സ്നാനം നടത്താതെ ആരാധനാ കേന്ദ്രത്തിൽ പ്രവേശിക്കരുതെന്നാണ് ഹൈന്ദവാചാരം; മുസ്ലീമുകൾക്കും സ്നാനം പ്രധാനമാണ്. ഇസ്ലാം രൂപം കൊണ്ടത് മരുപ്രദേശത്താകയാൽ അവർ മുങ്ങിക്കുളിക്കാൻ നിർബ്ബന്ധിക്കുന്നില്ല. എങ്കിലും കയ്യുംകാലും തേച്ചുകഴുകി ശുദ്ധമാക്കാതെ ആരാധനാ കേന്ദ്രത്തിൽ പ്രവേശിച്ചു കൂടാ എന്നാണ് അവരുടെ വ്യവസ്ഥ.

ഏതായാലും സന്മനസ്സോടെ എല്ലാവരും ഒന്നിച്ചിരുന്നാലോചിച്ചാൽ ഏതെങ്കിലും തരത്തിലുള്ള ഒരു പോംവഴി കണ്ടെത്താനാകും. അവരുടെ നിർദ്ദേശം നടപ്പാക്കാനുള്ള ഇഛാശക്തി ഗവർമ്മേണ്ടിന്ന് ഉണ്ടാകണമെന്നേയുള്ളൂ. വോട്ടുരാഷ്ട്രീയത്തിന്നപ്പുറം ഒരു ലോകമുണ്ടെന്ന് നേതാക്കന്മാരും ജനങ്ങളും മനസ്സിലാക്കിയിരിക്കണം. അല്ലെങ്കിൽ നരസിംഹറാവുവിനെപ്പോലെ അധികാരമൊഴിഞ്ഞശേഷം വിലാപകാവ്യങ്ങളെഴുതേണ്ടിവരും. ❑

കവർസ്റ്റോറി

# ലിയുവിന് നോബൽസമ്മാനം



**ചീ**നയിലെ മനുഷ്യാവകാശ പ്രവർത്തകനായ ലിയുസിയാബോവിന്ന് സമാധാനത്തിന്നുള്ള ഇക്കൊല്ലത്തെ നോബൽ സമ്മാനം പ്രഖ്യാപിക്കപ്പെട്ടു. ഒരു പ്രൊഫസറായ ലിയു 1989ലെ ടിയാനെൻമെൻ സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു.

ചീനയിൽ ജനാധിപത്യം, ബഹുകക്ഷി തെരഞ്ഞെടുപ്പ്, സ്വതന്ത്ര നീതിന്യായസംവിധാനം, നഗര-ഗ്രാമ സമത്വം, അഭിപ്രായ പ്രകടന സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം പൊതു വിദ്യാഭ്യാസം തുടങ്ങിയ 19 ആവശ്യങ്ങടങ്ങിയ ഒരു അവകാശ പത്രിക തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയതിന്റെ പേരിൽ 2008ൽ അറസ്റ്റ് ചെയ്യപ്പെട്ട ലിയുവിന്റെ പേരിൽ രാജ്യദ്രോഹകുറ്റം ചുമത്തുകയും 11 കൊല്ലത്തെ തടവിന്ന് ശിക്ഷിക്കുകയും ചെയ്തിരുന്നു.

ഇതിന്നുമുമ്പ് 1989ൽ ദലൈലാമക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചിരുന്നു.

മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ അംഗീകരിക്കുന്ന ചീന മുതലാളിത്തത്തിന്റെ മുഖമുദ്രയായ ജനാധിപത്യത്തെ തിരസ്കരിക്കുന്നു എന്ന വിരോധാഭാസത്തിന്റെ തെളിവാണ് ലിയുവിന്റെ ജയിൽവാസം. മുതലാളിത്തത്തേയും ജനാധിപത്യത്തേയും ധ്വംസിച്ചുകൊണ്ട് വളർന്നുവന്ന സോവിയറ്റ് യൂണിയന് അവസാനം മുതലാളിത്തത്തിലേക്കും ജനാധിപത്യത്തിലേക്കും പിൻതിരിയേണ്ടിവന്നു.

ലിയുവിന്ന് നോബൽ സമാധാന സമ്മാനം നൽകിയതിനെ ചീന ശക്തിയായി അധിക്ഷേപിച്ചിട്ടുണ്ട്. മുമ്പ് ദലൈലാമക്ക് സാധാന സമ്മാനം നൽകിയപ്പോഴും ചീന എതിർത്തിരുന്നു. ❑

# അരുണ റോയിക്ക് ശാസ്ത്രി അവാർഡ്



ലാൽബഹദൂർ ശാസ്ത്രി നാഷണൽ അവാർഡ് അരുണ റോയിക്ക് രാഷ്ട്രപതി പ്രതിഭാപട്ടീൽ സമ്മാനിക്കുന്നു.

പൊതുഭരണം, വൈജ്ഞാനിക മണ്ഡലം, മാനേജ്മെന്റ് എന്നീ രംഗങ്ങളിൽ അനന്യസാധാരണമായ പ്രാഗത്ഭ്യം പ്രകടിപ്പിച്ചവർക്കുള്ള ലാൽബഹദൂർ ശാസ്ത്രി നാഷണൽ അവാർഡ് സാമൂഹ്യ പ്രവർത്തകയായ അരുണ റോയിക്ക് രാഷ്ട്രപതി പ്രതിഭാപട്ടീൽ നൽകി. അഞ്ചുലക്ഷം രൂപയും പ്രശസ്തിപത്രവും കീർത്തിഫലകവുമടങ്ങിയതാണ് അവാർഡ്.

സാധാരണക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് ആത്മാർപ്പണ മനോഭാവത്തോടെ കഠിനാധ്വാനം ചെയ്ത ആൾ എന്നാണ് പ്രശസ്തി പത്രത്തിൽ അരുണയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. 1990കളുടെ ആദ്യത്തിൽ അരുണ റോയ് ആരംഭിച്ച വിവരാവകാശ പ്രസ്ഥാനവും അടുത്തകാലത്ത് തൊഴിലവകാശ പ്രസ്ഥാനവുമാണ് അരുണാറോയി തുടങ്ങിവച്ച പ്രസ്ഥാനങ്ങളിൽ മികവേറിയ രണ്ടെണ്ണം. വിശാലാധിഷ്ഠിതമായ ഈ പ്രസ്ഥാനങ്ങളാണ് പിന്നീട് വിവരാവകാശ നിയമത്തിന്നും തൊഴിലവകാശ നിയമത്തിന്നും വഴി തുറന്നത്.

1946ൽ ചെന്നെയിൽ ജനിച്ച അരുണ ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയശേഷം 1975 വരെ ഐ.എ.എസ്. ഉദ്യാഗസ്ഥയായി സേവനമനുഷ്ഠിച്ചു. പിന്നീട് ഭർത്താവ് റോയി രാജസ്ഥാനിലെ തിലോനിയയിൽ സ്ഥാപിച്ച സാമൂഹ്യ പ്രവർത്തന-ഗവേഷണ കേന്ദ്രത്തെ സഹായിക്കാനായി ഉദ്യോഗം രാജിവച്ചു അതിന്നു ശേഷം ശങ്കർസിങ്, നിഖിൽ ഡേ എന്നിവരുമായി ചേർന്നു മസ്ദൂർ-കിസാൻ ശക്തി സംഘടന സ്ഥാപിച്ചു.

പിന്നീട് സാമൂഹ്യനയങ്ങൾ സംബന്ധിച്ചും തൊഴിലുറപ്പു പദ്ധതി സംബന്ധിച്ചും കേന്ദ്രഗവർമ്മേണ്ടിനെ ഉപദേശിക്കാനുള്ള രണ്ടാം നാഷനൽ അഡ്വൈസറി കൗൺസിലിലെ അംഗമാക്കപ്പെട്ടു. ❑



# കോടതി കോടതിയുടെ വഴിക്ക്; ഭരണം ഭരണത്തിന്റെ വഴിക്ക്

- ചന്ദ്രാനി ബാനർജി-

പൊതുക്ഷേമം സംബന്ധിച്ച് സുപ്രീം കോടതി നൽകുന്ന നിർദ്ദേശങ്ങളിൽ പലതും നിർദ്ദേശങ്ങളായിത്തന്നെ അവശേഷിക്കുകയാണ് ചെയ്യുന്നത്. സാധാരണയായി കേന്ദ്രമന്ത്രി കാര്യാലയങ്ങൾ സുപ്രീം കോടതിയുടെ നിർദ്ദേശം എന്തുകൊണ്ട് നടപ്പാക്കാനാവുന്നില്ല എന്നൊരു വിശദീകരണത്തിലൂടെ കാര്യം അവസാനിപ്പിക്കും. അതല്ലെങ്കിൽ നിരദ്ദേശം നടപ്പാക്കാൻ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് പ്രശ്നമങ്ങനെ നീട്ടിക്കൊണ്ടു പോകും.

ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ഭക്ഷ്യധാന്യ വിതരണ പ്രശ്നം. ഗവർമ്മേണ്ടിന്റെ അധീനത്തിൽ മഞ്ഞും മഴയും കൊണ്ട് കെട്ടിക്കിടന്നു ചീഞ്ഞു പോകുന്ന ധാന്യങ്ങൾ ലക്ഷക്കണക്കിന്ന് ടൺ വരും. ഈ ധാന്യം പാവങ്ങൾക്ക് സൗജന്യമായോ നാമമാത്രമായ വിലയ്ക്കോ നൽകാൻ സുപ്രീം കോടതി കുറച്ചു കാലം മുമ്പ് നിർദ്ദേശിച്ചിരുന്നു. പക്ഷെ ഒന്നും സംഭവിച്ചില്ല. പൗര സ്വാതന്ത്ര്യത്തിന്നുള്ള പീപ്പിൾസ് യൂണിയന്റെ ഒരു ഹർജിയിന്മേലായിരുന്നു സുപ്രീം കോടതിയുടെ കല്പന. ഇവർ ഇതേ വിഷയം സംബന്ധിച്ച് 2001 ലും ഒരു പൊതുതാല്പര്യ ഹർജി സമർപ്പിച്ചിരുന്നു. അന്നും ഏതാണ്ട് ഇതേ തരത്തിലുള്ള ഒരു കല്പന സുപ്രീം കോടതിയിൽനിന്നുണ്ടായതാണ്. കോളിൻ ഗോൺസാൽവസ് എന്ന അഭിഭാഷകനാണ് അന്നും ഇന്നും കോടതിയിൽ പീപ്പിൾസ് യൂണിയന്നു വേണ്ടി ഹാജരായത്. 2001 ൽ ജ. ബി. എൻ. കൃപാലാണ് കല്പന നൽകിയതെങ്കിൽ ഇത്തവണ ജ. ദൽവീർ ഭണ്ഡാരിയും ജ. ദീപക് വർമ്മയുമടങ്ങിയ ബഞ്ചാണ് കല്പന നൽകിയതെന്ന വ്യത്യാസമേയുള്ളൂ. 550 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ ഗവർമ്മേണ്ടിന്റെ അധീനത്തിലുണ്ട്. ഇത്രയേറെ ധാന്യം ശേഖരിക്കാനുള്ള ഗോഡൗൺ സൗകര്യമില്ലാത്തതിനാൽ പലേടത്തും ധാന്യം മഞ്ഞും മഴയുമേറ്റ് കെട്ടുപോകുന്നു.

ഇതൊരു ഉദാഹരണം മാത്രം. സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളിൽ പലതും ഇത്തരത്തിൽ നടപ്പാക്കാതെ കിടപ്പുണ്ട്.

മാനസിക രോഗങ്ങളുള്ളവരെ പാർപ്പിക്കാൻ രാജ്യത്താകെ ഷെൽട്ടർ ഹോമുകൾ നിർമ്മിക്കണമെന്ന് 2004 ൽ ജ. ആർ.സി. ലഹോതി ആരോഗ്യമന്ത്രകാര്യാലയത്തിന്ന് നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് കഴിഞ്ഞ ആറു വർഷത്തിന്നിടയിൽ ഒരൊറ്റ ഷെൽട്ടർ ഹോം പോലും നിർമ്മിച്ചിട്ടില്ല.

ജയിൽ വകുപ്പിൽ പരിഷ്ക്കാരങ്ങൾ നടപ്പാക്കണമെന്ന് 2003ൽ ജ. വി.എൻ. ഖരെ ആഭ്യന്തരമന്ത്രികാര്യാലയത്തോട് ആവശ്യപ്പെട്ടിരുന്നു. ഒന്നും സംഭവിച്ചില്ല.

പോലീസിന്റെ ഘടന മാറ്റണമെന്ന് 2006ൽ ജ. സഭർവാൾ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുവരെ ഒന്നും ചെയ്തിട്ടില്ല.

2003 ൽ സഭർവാൾ ആപൽക്കരമായ പാഴ്‌വസ്തുക്കളുടെ വിനിയോഗത്തിന്ന് ഒരു ദേശീയ നയം തയ്യാറാക്കാൻ വനം-പരിസ്ഥിതിമന്ത്രികാര്യാലയത്തോട് ആവശ്യപ്പെട്ടിരുന്നു. കോടതിയുടെ

# ഹൈക്കോടതികളിൽ അഴിമതി

സുപ്രീം കോടതിയിൽ മാത്രമല്ല നമ്മുടെ ഹൈക്കോടതികളിലും അഴിമതിയാരോപണങ്ങൾ വർധിച്ചു വരികയാണ്. തെളിവുകൾ ഹാജരാക്കാൻ വിഷമമായേക്കും; എന്നാൽ ചീത്തപ്പേരു നേടുന്നവർ ഏറെയാണ്. ബാർകൗൺസിൽ ഹാളുകളിൽ ഇത്തരം കഥകൾ ധാരാളം കേൾക്കാം.

അല്ലാഹാബാദ് ഹൈക്കോടതിയിലെ പതിനൊന്ന് ജഡ്ജിമാർ ഉൾപ്പെടുന്ന മുപ്പത്തിമൂന്നുകോടി രൂപയുടെ പ്രോവിഡണ്ട് ഫണ്ട് കുംഭകോണക്കേസ് ഇത്തരത്തിലുള്ള ഒന്നാണ്. ഘാസിയാബാദ് ജില്ലാകോടതിയുടെ ട്രഷറിയിൽനിന്ന്, ക്ലാസ് IV വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ടിൽനിന്ന് പണം തട്ടിയെടുത്തുവെന്നതാണ് കേസ്.

പക്ഷെ അല്ലാഹാബാദ് ഹൈക്കോടതി മാത്രമല്ല വഴിപിഴച്ചുപോയിരിക്കുന്നത്. കർണാടക ഹൈക്കോടതിയുടെ കാര്യം നോക്കൂ. ജ. പി.ഡി. ദിനകരൻ ചീഫ് ജസ്റ്റീസായിരുന്ന നീണ്ട രണ്ടു വർഷം മുഴുവൻ അത്യസാധാരണമായ അരാജകത്വം കൊടികുത്തി വാഴുകയായിരുന്നു. അവസാനം ഈ ജൂലായിയിൽ അദ്ദേഹത്തെ സിക്കിം ഹൈക്കോടതിയിലേക്ക് മാറ്റി. ഇദ്ദേഹത്തിന്നെതിരെ ഗുരുതരമായ ഭൂമി കയ്യേറ്റക്കേസ് നിലവിലുണ്ട്. പാർലിമെന്റിൽ ഇദ്ദേഹത്തെ കുറ്റ വിചാരണ ചെയ്യാൻ പ്രമേയം വരുന്നുണ്ട്. ബാംഗളൂർ നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ഭൂമി കയ്യടക്കുന്ന മാഫിയക്കനുകൂലമായ വിധികൾ ഉണ്ടാകുന്നുവെന്നതാണ് കർണാടക ഹൈക്കോടതിയിൽ സർവ്വസാധാരണമായി കേട്ടു വരുന്ന ആരോപണം. ബാംഗളൂർ നഗരത്തിലെ മർമ്മ ➡

---

നിർദ്ദേശം ഇപ്പോഴും അതേപടി അവിടെ കിടക്കുന്നു.

തീരദേശ സുരക്ഷിതത്വത്തിന്ന് ചില മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാൻ 2003 ൽ ഷിപ്പിങ് മന്ത്രികാര്യാലയത്തോട് ആവശ്യപ്പെട്ടിരുന്നു. ഒന്നും ചെയ്തില്ല.

2001ൽ സമർപ്പിക്കപ്പെട്ട ഒരു പൊതുതാല്പര്യഹർജിയെത്തുടർന്ന് 2009ൽ ജ. മാർക്കാണ്ഡേയ കാട്ജൂ ജനവിഭവ മാനേജ്മെന്റിന്ന് മെച്ചപ്പെട്ടൊരു രീതി തയ്യാറാക്കാൻ ശാസ്ത്ര-സാങ്കേതിക മന്ത്രികാര്യാലയത്തോട് ആവശ്യപ്പെട്ടിരുന്നു. ഒന്നുമുണ്ടായില്ല.

കോടതിയുടെ നിർദ്ദേശങ്ങൾ അവഗണിക്കപ്പെടുന്നതിനെപ്പറ്റി ജഡ്ജിമാർക്കെന്താണ് പറയാനുള്ളത്? ഇത്തരം മന്ത്രികാര്യാലയങ്ങൾക്കെതിരെ കോർട്ടലക്ഷ്യ നടപടി സ്വീകരിക്കണമെന്ന് ജ. പി.എൻ. ഭഗവതി (റിട്ട) പറയുന്നു. ഇത്തരം സ്ഥിതി വിശേഷത്തിന്ന് ആരാണ് ഉത്തരവാദിയെന്ന് ജനങ്ങൾ അറിയുകയെങ്കിലും ചെയ്യട്ടെ എന്നദ്ദേഹം പറഞ്ഞു.

ഗുരുതരമായ പ്രശ്നങ്ങളിലേക്ക് ഗവർമ്മേണ്ടിന്റെ ശ്രദ്ധ ക്ഷണിക്കാനേ കോടതിക്ക് കഴിയൂ. അതു നടപ്പാക്കിയാൽ ഭരണം മെച്ചപ്പെടും എന്ന് ജ. വി. ആർ. കൃഷ്ണയ്യർ പറയുന്നു.

ചത്ത കുതിരയെ തല്ലും പോലാണിത് എന്നാണ് അസ്ബസ്റ്റോസ് വിരുദ്ധ പ്രസ്ഥാനത്തിന്റെ നേതാവായ ഗോപാൽ കൃഷ്ണ പറയുന്നത്. കേന്ദ്ര നിയമകാര്യമന്ത്രി വീരപ്പമൊയ്‌ലിക്ക് മറ്റൊരു കഥയാണ് പറയാനുള്ളത്. ഒരു കല്പന നടപ്പാക്കാൻ നൂറുകൂട്ടം പ്രതിബന്ധങ്ങളെ തരണം ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ❑



പ്രധാനമായ ഒരു മേഖലയിൽ ഒരു ജഡ്ജി ഒന്നല്ല, പല പ്ലോട്ടുകൾ കൈവശപ്പെടുത്തിയിട്ടുള്ളതായി പറയുന്നുണ്ട്. രണ്ടുമാസം മുമ്പുണ്ടായ അസാധാരണമായൊരു സംഭവം അഭിഭാഷകർക്കിടയിൽ പാട്ടായിട്ടുണ്ട്. ഒരു കേസിൽ വിധി പറയാനിരിക്കേ തലേദിവസംതന്നെ ആ വിധി ജഡ്ജിയുടെ ഒപ്പില്ലാതെ ഒരു പത്രമാപ്പീസിൽ എത്തിച്ചേർന്നതാണ് സംഭവം. ഇതിനെപ്പറ്റി ഒരന്വേഷണത്തിന്ന് കല്പന പുറപ്പെടുവിച്ചുവെങ്കിലും ഫലമൊന്നും ഉണ്ടായില്ല.

ഉത്തരേന്ത്യയിലേക്ക് കടന്നാൽ സ്ഥിതി ഇതിലും വഷളാകും. പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിൽ അഴിമതി സ്ഥിരം ഏർപ്പാടാണെന്നു തോന്നുന്നു. ഈയിടെ നടന്ന വിജിലൻസ് അന്വേഷണത്തിൽ അനുകൂല വിധി പറയാൻ ജഡ്ജിമാർ നിരക്കു നിശ്ചയിച്ചിരിക്കുന്നതായി കണ്ടെത്തിയതായി റിപ്പോർട്ടുണ്ട്. ഒരു ജഡ്ജിക്കുള്ള കൈക്കോഴയായി കൊടുത്തയച്ച പതിനഞ്ചു ലക്ഷം രൂപ മറ്റൊരു ജഡ്ജിയുടെ വീട്ടിൽ കൊണ്ടുപോയി കൊടുത്തതു സംബന്ധിച്ച ബഹളം ഈ ഹൈക്കോടതിയെ അഴിമതിയുടെ കൊടുമുടിയിൽ എത്തിച്ചു. ഈ സംഭവത്തിൽ ഉൾപ്പെട്ട ജ. നിർമ്മൽ യാദവിന്നെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ ഈ സെപ്തമ്പറിൽ ഇന്ത്യൻ ചീഫ് ജസ്റ്റീസ് സി. ബി. ഐ. ക്ക് അനുമതി നൽകി, എട്ടുമാസം മുമ്പ് അന്നത്തെ ഇന്ത്യൻ ചീഫ് ജസ്ററീസ് നിഷേധിച്ച അനുമതിയാണ് ഇപ്പോഴത്തെ ചീഫ് ജസ്റ്റീസ് അനുവദിച്ചിരിക്കുന്നത്. ഇതിന്നാസ്പദമായ സംഭവം നടന്നത് 2008 ആഗസ്തിലാണെന്നോർക്കണം. അന്ന് ഹരിയാനയിലെ അഡീഷനൽ അഡ്വക്കറ്റ് ജനറലായ സഞ്ജീവ് ബൻസാൽ പതിനഞ്ചു ലക്ഷം രൂപയുടെ കറൻസി നോട്ടുകളടങ്ങിയ ഒരു പൊതി ശിപായി വശം കൊടുത്തയച്ചു. ജി. നിർമ്മലിന്ന് കൊടുക്കാനാണത്ര അദ്ദേഹം നിർദ്ദേശിച്ചത്. ശിപായി അത് ജ. നിർമ്മൽജിത് കൗറിന്റെ വീട്ടിൽ കൊണ്ടുപോയി കൊടുത്തു. പൊതിക്കകത്ത് വല്ല ബോംബോ മറ്റോ ഉണ്ടാകുമോ എന്ന ഭയത്താൽ സെക്യൂരിറ്റി ഭടന്മാർ പൊതി തുറന്നു നോക്കി. പൊതിക്കകത്ത് നോട്ടുകെട്ടുകൾ കണ്ടതിനാൽ പോലീസിനെ വിവരം അറിയിച്ചു. പോലീസ് വന്ന് അന്വേഷിച്ചപ്പോൾ, ജ. നിർമ്മൽ യാദവിന്ന് കൊടുക്കാനുദ്ദേശിച്ച പൊതി ആളെ തെറ്റി ജ. നിർമ്മൽ ജിത് കൗറിന്നു കൊടുക്കുകയാണുണ്ടായതെന്ന് തെളിഞ്ഞു.

ഏതാണ്ട് ഇതേസമയത്തുതന്നെ, 2008 ൽ, പഞ്ചാബ് വിജിലൻസ് ബ്യൂറോ ചില വക്കീൽമാരും ദല്ലാൾമാരും തമ്മിൽ നടത്തുന്ന ഫോൺ സംഭാഷണം മനസ്സിലാക്കി ഉന്നത ന്യായാസനങ്ങളെ എങ്ങനെ പാട്ടിലാക്കുന്നുവെന്നും ചില കേസുകൾ ചില വക്കീൽമാർക്ക് അനുകൂലമായി നിൽക്കുന്ന ചില ജഡ്ജിമാരുടെ മുമ്പാകെ എത്തിക്കുന്നതെങ്ങനെയെന്നും അനുകൂലമായ വിധിയുണ്ടാകാൻ എത്ര രൂപ നൽകേണ്ടിവരുമെന്നും മറ്റുമായിരുന്നു സംഭാഷണ വിഷയങ്ങൾ. ജ. എച്ച്. എസ്. ഭല്ല, ജ. മേത്താബ്സിങ് ഗിൽ എന്നീ രണ്ടു ഹൈക്കോടതി ജഡ്ജിമാരുടെ പേരും റിപ്പോർട്ട് ചെയ്യപ്പെട്ടു.

കൽക്കത്ത ഹൈക്കോടതിയിലെ ജ. സൗമിത്ര സെന്നിനെപ്പറ്റി പരാതികൾ ഉയരാൻ തുടങ്ങിയിട്ടു കാലമേറെയായി. ഇദ്ദേഹമിപ്പോൾ അഴിമതിക്ക് കുറ്റവിചാരണയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സകല ആരോപണങ്ങളേയും നിഷേധിച്ചുകൊണ്ടുള്ള ഒരു മറുപടിയാണ് ജ. സെൻ രാജ്യസഭയുടെ അന്വേഷണ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്. ജ. സെൻ വക്കീലായിരുന്ന കാലത്ത് പൊതുമുതൽ തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ട്. സ്റ്റീൽ

അഥോറിട്ടി ഓഫ് ഇന്ത്യയും ഷിപ്പിങ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും തമ്മിൽ ഒരുതർക്കമുണ്ടായതിനെത്തുടർന്ന് 1993ൽ കോടതി ഇടപെടുകയും സൗമിത്ര സെന്നിനെ കോടതി റിസീവറായി നിയമിക്കുകയും ചെയ്തു. അന്ന് തർക്കത്തിൽ പെട്ട 24 ലക്ഷം രൂപ ഒരു നിക്ഷേപമായി സുരക്ഷിതമായി സൂക്ഷിക്കാൻ സെന്നിനെ ഏല്പിച്ചു. എന്നാൽ സെൻ അത് സ്വന്തം പണമെന്നപോലെ സ്വകാര്യാവശ്യങ്ങൾക്ക് ഉപയോഗിച്ചു. പിന്നീട് ബഹളമായപ്പോൾ സെൻ പണം തിരിച്ചു നൽകി. പക്ഷെ പൊതുമുതൽ സ്വകാര്യാവശ്യങ്ങൽക്ക് ഉപയോഗിച്ചുവെന്ന കുറ്റത്തിൽനിന്ന് അദ്ദേഹം വിമുക്തനല്ല. "വേണ്ടിവന്നാൽ പാർലിമെന്റ് മുമ്പാകെ ഞാനെന്റെ നിർദ്ദോഷിത്വം തെളിയിക്കും" എന്നാണ് ഇതിനെപ്പറ്റി ചോദിച്ച "ഔട്ട്‌ലുക്കി"നോട് ജ. സെൻ പറഞ്ഞത്.

ബോംബെ ഹൈക്കോടതിയിൽ ആരോപണങ്ങളുടെ ഒരു കുന്നു തന്നെയുണ്ട്. മുംബായിലെ ഒരു സ്കൂളിൽ ഒരു പെൺകുട്ടിക്ക് പ്രവേശനം നിഷേധിച്ചത് സംബന്ധിച്ചതാണ് ഏറ്റവും പുതിയ കേസ്. ഈ കുട്ടിയുടെ അമ്മ ഒരു "ശല്യക്കാരി"യാണെന്നാണ് മാനേജ്മെന്റ് പറയുന്നത്. പ്രശ്നം ഹൈക്കോടതിയിൽ വന്നപ്പോൾ, കുട്ടിക്കെതിരായിരുന്നു വിധി. കാരണം അന്വേഷിച്ചപ്പോഴാണ് ജഡ്ജിയുടെ ഒരു ബന്ധു സ്കൂൾ ഭരണസമിതിയിലെ അംഗമാണെന്നു കണ്ടെത്തിയത്. ജഡ്ജിമാർക്ക് താൽപര്യമുള്ളവർ ഉൾപ്പെട്ട കേസുകളിൽനിന്ന് ജഡ്ജിമാർ ഒഴിഞ്ഞു നിൽക്കുകയാണ് വേണ്ടത്. എന്തുകൊണ്ട് ഈ ജഡ്ജി അങ്ങനെ ചെയ്തില്ല? ബോംബെ ഹൈക്കോടതിയിൽനിന്ന് റിട്ടയർ ചെയ്ത ഒരു ജഡ്ജി റിട്ടയർചെയ്ത ഉടനെ വിലയേറിയ ഒരു മെഴ്സിഡസ് വാങ്ങിയതും വക്കീൽമാർക്കിടയിൽ സംസാരവിഷയമായിട്ടുണ്ട്. ബോംബെ ഹൈക്കോടതിയിലെ ജ. ആർ. എസ്. മോഹിതെയെ പൊതുതാല്പര്യത്തെ മുൻനിർത്തി ഇന്ത്യൻ ചീഫ് ജസ്റ്റീസ് പട്ന ഹൈക്കോടതിയിലേക്ക് മാറ്റിയതെന്തുകൊണ്ടാണ്? ജ. മോഹിതെ, തനിക്ക് പോകാനാവില്ലെന്നു പറഞ്ഞ് പിന്നീട് രാജിവച്ചൊഴിയുകയാണുണ്ടായത്.

ജഡ്ജിമാരെക്കുറിച്ച് വേറേയും ആക്ഷേപങ്ങളുണ്ട്. മൂന്നുകൊല്ലം മുമ്പ് രണ്ടുപേർ ബോംബെ ഹൈക്കോടതിയിൽ ഒരു പ്രശ്നമുന്നയിച്ചു. കടൽതീരത്ത് വീടുകൾ നിർമ്മിക്കുന്നതിന്ന് നിയന്ത്രണമുണ്ടായിട്ടും വൽക്കേശ്വറിൽ കടൽ തീര കെട്ടിട നിർമ്മാണ നിയന്ത്രണത്തെ ലംഘിച്ചുകൊണ്ട് പന്ത്രണ്ടു നിലകളിലുള്ള ഒരു ഭവന സമുച്ചയം നിർമ്മിക്കാൻ എങ്ങനെ അനുമതി നൽകി എന്നതായിരുന്നു ചോദ്യം. ഈ പദ്ധതിക്കായി ലോകബാങ്കിൽ നിന്നുള്ള 145 കോടി രൂപയോളം ചെലവാക്കിയതായും ഹർജിക്കാർ ആക്ഷേപിച്ചിരുന്നു.

അപ്പോൾ ഈ അഴിമതികൾക്ക് നാം എങ്ങനെയാണ് തടയിടുന്നത്! നീതിന്യായ മേഖലയിലെ സകല അഴിമതികളേയും വേരോടെ പിഴുതു കളയാൻ ഫലപ്രദമായൊരു സംവിധാനം ആവശ്യമാണെന്ന് ബോംബെ ഹൈക്കോടതിയിൽനിന്ന് റിട്ടയർ ചെയ്ത ജ. ഹോസ്ബറ്റ് സുരേഷ് പറയുന്നു. നീതിന്യായ രംഗത്തെ അഴിമതി തടയാൻ തക്കതായൊരു നിയമനിർമ്മാണം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഒരു ജൂഡീഷ്യൽ ഓംബുഡ്സ് മാനേയോ കമ്മീഷനേയോ നിയമിച്ചാലൊന്നും വലിയ കാര്യമുണ്ടാകില്ല. ജൂഡീഷ്യൽ രംഗത്തെ അപഥ സഞ്ചാരം കണ്ടെത്തിയാൽ അതിന്നെതിരെ പ്രതികരിക്കാൻ അഭിഭാഷക സമൂഹം സന്നദ്ധമാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. (ഔട്ട്‌ലുക്ക്) ❑





# ചീഫ് ജസ്റ്റീസുമാരെക്കുറിച്ചുള്ള ഭൂഷണ സത്യവാങ്മൂലം

**- അനുരാധ രാമൻ -**

ഇന്ത്യയിലെ പരമോന്നത ന്യായാസനത്തിന്ന് പരമമായൊരു പ്രഹരമായിരുന്നു അത്. സുപ്രീംകോടതിയുടെ ചരിത്രത്തിലാദ്യമായി ഒരു നിയമ പണ്ഡിതൻ മുമ്പത്തെ പതിനാറു ചീഫ് ജസ്റ്റീസുമാരിൽ എട്ടുപേർക്കെതിരെ അഴിമതിയാരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു സത്യവാങ്മൂലം കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. ഇവരുടെ വിധികളിൽ പലതിനേയും അതിൽ ചോദ്യം ചെയ്തിട്ടുണ്ട്. അവരുടെ പേരടങ്ങിയ ലിസ്റ്റ് കവറിലാക്കി മുദ്രവച്ചാണ് കോടതിക്കു നൽകിയിരിക്കുന്നത്. ഈ പേരുകൾ വെളിപ്പെടുത്താനുള്ള ഭാരം ഇപ്പോഴത്തെ ചീഫ് ജസ്റ്റീസിൽ സമർപ്പിതമാക്കപ്പെട്ടിരിക്കുന്നു. പത്രങ്ങളിൽ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഈ സത്യവാങ്മൂലം സുപ്രീം കോടതിക്ക് വല്ലാത്തൊരു അങ്കലാപ്പ് സൃഷ്ടിച്ചിരിക്കുകയാണ്. സീസറുടെ ഭാര്യ സംശയാതീതയായിരിക്കണം എന്നു പറയാറുള്ളതുപോലെ ഇക്കാലമത്രയും സംശയാതീതമായ ഒന്നായിരുന്നു സുപ്രിം കോടതി.

ജഡ്ജിമാരുടെ സത്യസന്ധത ചോദ്യം ചെയ്യപ്പെടാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. ഇത്തവണ പക്ഷെ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത് വിശ്വാസ്യത മുറ്റിനിൽക്കുന്നവരാണ്. മുൻ കേന്ദ്ര നിയമകാര്യമന്ത്രി ശാന്തി ഭൂഷണനും അദ്ദേഹത്തിന്റെ മകനും സുപ്രീം കോടതിയിലെ അഭിഭാഷകനുമായ പ്രശാന്ത ഭൂഷണനുമാണ് അവർ. ശാന്തി ഭൂഷണനെ ഓർമ്മയില്ലേ? 1975 ൽ സർവ്വശക്തയായ ഇന്ദിരാഗാന്ധിക്കെതിരെ രാജനാരായൺ തിരഞ്ഞെടുപ്പു ഹർജി സമർപ്പിച്ചപ്പോൾ, രാജനാരായണന്റെ വക്കീലായി വാദം നടത്തുകയും റേബറീലി നിയോജകമണ്ഡലത്തിൽ നിന്നുള്ള ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് അസാധുവാക്കിക്കുകയും ചെയ്ത ആ ശാന്തിഭൂഷൺ തന്നെ. തന്റെ മകൻ ഒരു വാരികക്കനുവദിച്ച അഭിമുഖ സംഭാഷണത്തിൽ, ചീഫ് ജസ്റ്റീസുമാർക്കെതിരെ ഉന്നയിച്ച അഴിമതിയാരോപണങ്ങളുടെ പേരിൽ, അദ്ദേഹത്തിന്നെതിരെ സ്വീകരിച്ചിരിക്കുന്ന കോർട്ടലക്ഷ്യക്കേസിൽ തന്നേയും കക്ഷിചേർക്കണമെന്നപേക്ഷിച്ചുകൊണ്ട് ശാന്തിഭൂഷൺ ഹർജി സമർപ്പിച്ചിരിക്കുകയാണ്. അഴിമതിക്കാരായ മുൻ ഇന്ത്യൻ ചീഫ് ജസ്റ്റീസുമാരിൽ എട്ടുപേരുടെ പേർ വിവരങ്ങളടക്കം ചെയ്ത ഒരു പട്ടിക കവറിലാക്കി മുദ്രവച്ച് കോടതിക്കദ്ദേഹം സമർപ്പിച്ചിട്ടുമുണ്ട്. അതിന്നു പുറമെ പ്രശാന്ത് ഭൂഷൺ തന്നെ മുൻ ചീഫ് ജസ്റ്റീസുമാരിൽ ആറുപേരുടെ സംശയാസ്പദമായ വിധികളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരനുബന്ധ സത്യവാങ്മൂലവും സമർപ്പിച്ചിട്ടുണ്ട്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രബലമായ തൂണ് എന്ന് ലോകമെങ്ങും അംഗീകരിക്കപ്പെട്ടിട്ടുള്ള ഇന്ത്യൻ ജുഡീഷ്യറിയെക്കുറിച്ച് സംശയമുണർത്തുന്ന ഒന്നാണ് ഇവരുടെ പ്രവൃത്തി. ജൂഡീഷ്യറിയെ അങ്ങേയറ്റം ബഹുമാനിക്കുന്ന "ഔട്ട്‌ലുക്ക്" ദേശീയ താൽപര്യത്തെ മുൻനിർത്തി അനുബന്ധ സത്യവാങ് മൂലത്തിന്റെ ഉള്ളടക്കം പ്രസിദ്ധീകരിക്കുകയാണ്. ഞങ്ങളിങ്ങനെ ചെയ്യുന്നത് എന്തെങ്കിലും തിരുത്തൽ നടപടി ആവശ്യമെങ്കിൽ, കോടതിക്കും നിയമ

മന്ത്രികാര്യാലയത്തിന്നും അതിന്നൊരു അവസരമുണ്ടാക്കാനാണ്. റിട്ടയർ ചെയ്ത 16 ചീഫ് ജസ്റ്റീസുമാരേയും ഒരുപോലെ നിഷേധാത്മകമായി കാണുന്നത് ഒഴിവാക്കാനും ഇത് സഹായിക്കുമെന്ന് ഞങ്ങൾ ആശിക്കുന്നു. അനുബന്ധ സത്യവാങ്മൂലത്തിൽ പറയുന്ന ജഡ്ജിമാരുമായി ബന്ധപ്പെടാൻ ഔട്ട്‌ലുക്ക് സകല ശ്രമങ്ങളും നടത്തുകയുണ്ടായി. അവർക്ക് പറയാനുള്ളത് അറിയാൻ ഞങ്ങൾ ശ്രമിച്ചു. ഒരു ഫലവുമുണ്ടായില്ല.

അനുബന്ധങ്ങളടക്കം ആകെ 250ൽ പരം പേജ് വരുന്നതാണ് അനുബന്ധ സത്യവാങ്മൂലം. അതിൽ പറയുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

**ജ. രംഗനാഥ മിശ്ര:** സുപ്രീം കോടതിയിൽ ജഡ്ജിയായിരിക്കെ 1984 ലെ സിക്ക് വിരുദ്ധ കലാപത്തെക്കുറിച്ച് അന്വേഷിക്കാനുള്ള കമ്മീഷന്റെ തലവൻ ജ. രംഗനാഥ മിശ്രയായിരുന്നു. അന്നത്തെ അന്വേഷണ നടപടിക്രമങ്ങൾ പക്ഷപാതപരമായിരുന്നുവെന്ന് സത്യവാങ്മൂലം ആരോപിക്കുന്നു. അവസാനം കോൺഗ്രസ്സിന്ന് ഒരു സൽസ്വഭാവ സർട്ടിഫിക്കറ്റാണ് കമ്മീഷൻ നൽകിയത്. എന്നാൽ പിന്നീട് നടന്ന ഔദ്യോഗിക അന്വേഷണ റിപ്പോർട്ടുകളും സി.ബി.ഐ. യുടെ അന്വേഷണ റിപ്പോർട്ടും കോൺഗ്രസ്സ് നേതാക്കൾക്കെതിരായിട്ടുള്ള തെളിവുകൾ നിരത്തുന്നവയായിരുന്നു. സുപ്രീം കോടതിയിൽനിന്നും റിട്ടയർ ചെയ്ത ശേഷം അദ്ദേഹം ഒരു കോൺഗ്രസ് രാജ്യസഭാംഗമായിരിക്കാനും സമ്മതിച്ചുവെന്ന് സത്യവാങ്മൂലത്തിൽ പറയുന്നു.

**ജ. കെ. എൻ. സിങ്:** ജ. സിങ് വെറും 18 ദിവസമേ ചീഫ് ജസ്റ്റീസായിരുന്നിട്ടുള്ളൂ. ഇക്കാലത്ത് "ജയിൻ എക്സ്പോർട്സ്" എന്ന കമ്പനിക്ക് ഗുണകരമായ പല കല്പനകളും ചീഫ് ജസ്റ്റീസ് പുറപ്പെടുവിച്ചതായി സത്യവാങ്മൂലത്തിൽ പറയുന്നു. ജയിൻ എക്സ്പോർട്സിന്നു പുറമെ അതിന്റെ സഹോദര സ്ഥാപനമായ ജയിൻ ശുദ്ധ വനസ്പതിക്കും ഗുണകരമായ കല്പനകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇവ മറ്റു ജഡ്ജിമാരാൽ തിരസ്കരിക്കുകയുണ്ടായി. വ്യാവസായികാവശ്യത്തിന്നുള്ള വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നതു സംബന്ധിച്ചുള്ളവയായിരുന്നു ഈ കല്പനകൾ. ഇന്ത്യാഗവർമ്മേണ്ട് ഇതിന്റെ ഇറക്കുമതി നിരോധിച്ചിരുന്നതാണ്. കസ്റ്റംസ് വകുപ്പ് ഇവർക്ക് അഞ്ചുകോടി രൂപ പിഴയിട്ടിരുന്നു. കമ്പനി ഇതിനെ ചോദ്യം ചെയ്തു. ജ. കെ. എൻ. സിങ് അത് 35 ശതമാനമായി കുറച്ചുകൊണ്ട് കല്പന പുറപ്പെടുവിച്ചുവെന്ന് സത്യവാങ്മൂലത്തിൽ പറയുന്നു. ഈ കല്പന റദ്ദാക്കിയത് ജ. എം. എൻ. വെങ്കടാചലയ്യയാണ്. [പ്രശാന്ത് ഭൂഷന്റെ സത്യവാങ്മൂലത്തെപ്പറ്റി എന്തെങ്കിലും പറയാൻ എനിക്കാഗ്രഹമില്ല. എങ്കിലും അഴിമതിയാരോപണങ്ങൾ അസ്വാസ്ഥ്യജനകമാണ് എന്നാണ് ജ. വെങ്കടാചലയ്യ പറഞ്ഞത്.]

**ജ. എ.എം. അഹമ്മദി:** ഭോപ്പാൽ വിഷവാതക ദുരന്തത്തെത്തുടർന്ന് യൂണിയൻ കാർബൈഡ് കമ്പനിക്കെതിരായി ഉണ്ടായ ക്രിമിനൽ കേസിലെ culpable homicide എന്ന കുറ്റാരോപണം റദ്ദാക്കിയത് ജ. അഹമ്മദിയാണ്. കേസ് വിചാരണക്കുമുമ്പുതന്നെ ഇത് റദ്ദാക്കിയത് കേസ് വിചാരണയെ വൈകിപ്പിക്കുക മാത്രമല്ല നീതിനിർവ്വഹണത്തെ തടസ്സപ്പെടുത്തുകയും ചെയ്തതായി സത്യവാങ്മൂലത്തിൽ ആരോപിക്കുന്നു. സുപ്രീം കോടതിയിൽനിന്ന് റിട്ടയർ ചെയതശേഷം ജ. അഹമ്മദി ഒരു ആസ്പത്രി ട്രസ്റ്റിന്റെ ആജീവനാന്ത ചെയർമാനായിരിക്കാൻ സമ്മതിച്ചതിനേയും സത്യവാങ്മൂലത്തിൽ ചോദ്യം ചെയ്തിട്ടുണ്ട്. യൂണിയൻ കാർബൈഡ് ഇന്ത്യ ലിമിറ്റഡിന്റെ ഓഹരികൾ വിറ്റുകിട്ടിയ പണംകൊണ്ട് സ്ഥാപിച്ചതാണ് ഈ ട്രസ്റ്റ്. ഇതിന്നും പുറമെ ഫരീദാബാദിലെ കാന്ത് എൻക്ലേവിൽ ജഡ്ജി നടത്തിയ ഭവന നിർമ്മാണത്തേയും സത്യവാങ്മൂലത്തിൽ ചോദ്യം ചെയ്തിട്ടുണ്ട്. ബദ്കൽ, സൂരജ്കുണ്ഡ് എന്നീ തടാകങ്ങളുടെ ചുറ്റും അഞ്ചുകിലോമീറ്റർ ദൂരംവരെ യാതൊരുവിധ നിർമ്മാണ പ്രവർത്തനവും പാടില്ലെന്ന് സുപ്രീം കോടതി മുമ്പ് വിധിച്ചിരുന്നു. തടാകങ്ങളുടെ സംരക്ഷണത്തിന്നായി പാരിസ്ഥിതിക കാരണങ്ങളെ മുൻനിർത്തിയുള്ളതായിരുന്നു ഈ വിധി. അങ്ങനെ നിരോധിക്കപ്പെട്ട സ്ഥലത്താണ് ജഡ്ജി വീടു നിർമ്മിച്ചിരിക്കുന്നത്. ഇത് നിയമവിരുദ്ധവും സുപ്രീംകോടതിയുടെ വിധിക്കെതിരുമാണ്. ഈ കെട്ടിട നിർമ്മാണം സാധിക്കുന്നതിന്നായി കോടതിയുടെ ബഞ്ചുകൾ മാറി മാറി സംഘടിപ്പിക്കുകയും അവസാനം സംഘടിപ്പിക്കപ്പെട്ട ബഞ്ച്, സൂരജ്കുണ്ഡ് തടാകത്തിൽനിന്ന് ഒരു കിലോമീറ്റർവരെ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുകയുമാണുണ്ടായത് എന്ന് സത്യവാങ്മൂലത്തിൽ ആരോപിക്കുന്നു.

**ജ. എം.എം. പുംഛി:** ക്രിമിനൽ വിശ്വാസ ലംഘനത്തിന്ന് ബോംബെ ഹൈക്കോടതി രണ്ടു കൊല്ലത്തെ കഠിന തടവിന്നു ശിക്ഷിച്ചിരുന്ന കെ. എൻ. തപ്പൂരിയക്ക് അപ്പീൽ സമർപ്പിക്കാൻ ചീഫ് ജസ്റ്റീസെന്ന നിലയിൽ ജ. എം.എം. പുംഛി അനുമതി നൽകുക മാത്രമല്ല, അയാളെ കുറ്റവിമുക്തനാക്കി വെറുതെ വിടുകയും ചെയ്തു. ക്രിമിനൽ വിശ്വാസ ലംഘനക്കേസ് നിയമപ്രകാരം കൊമ്പൗണ്ട് ചെയ്യാവുന്ന ഒന്നല്ല. വാദിയും പ്രതിയും തമ്മിൽ ഒരൊത്തുതീർപ്പുണ്ടാക്കിയാലും ക്രിമിനൽ കേസ് ഇല്ലാതാകില്ല എന്ന് സത്യവാങ്മൂലം ചൂണ്ടിക്കാട്ടുന്നു.

**ജ.എ. എസ്. ആനന്ദ്:** കാശ്മീർ ചീഫ് ജസ്റ്റീസായിരുന്ന കാലത്ത് ജ. എ. എസ്, ആനന്ദ് തന്റേയും ബന്ധുക്കളുടേയും നന്മക്കായി അധികാര ദുർവിനിയോഗം നടത്തിയതായി സത്യവാങ്മൂലത്തിൽ പറയുന്നു. ശ്രീനഗർ ആസ്ഥാനമായുള്ള ഒരു ഹോട്ടലിന്റെ ഉടമക്കു വേണ്ടി ജ. ആനന്ദ് ഒരു കേസ് തീർപ്പാക്കി. ഈ ഹോട്ടലുടമ കുറച്ച് ഭൂമി ജ. ആനന്ദിന്റെ മകൾക്ക് ചവറുവിലക്ക് വിറ്റു. പിന്നീട് ജ. ആനന്ദിന്റെ കുടുംബസ്വത്ത് സംബന്ധിച്ച അവകാശങ്ങൾ സംബന്ധിച്ച ഒരു കേസ് ഹൈക്കോടതിയിൽ തീരുമാനമാകാതെ നിലനിർത്തിപ്പോന്നു. ഇത്തരം കേസുകൾ സുപ്രീം കോടതി ഡിസ്മിസ് ചെയ്തിട്ടും കാശ്മീർ ഹൈക്കോടതിയിൽ കേസ് നിലനിർത്തിപ്പോന്നു.

**ജ. വൈ. കെ. സഭർവാൾ:** ദൽഹിയിൽ ഒട്ടേറെ വാണിജ്യ സ്ഥാപനങ്ങൾ അടച്ചു മുദ്രവയ്ക്കാൻ ജ. സഭർവാൾ കല്പനകളുടെ ഒരു പരമ്പര തന്നെ ഇറക്കിയതായി സത്യവാങ്മൂലത്തിൽ പറയുന്നു. ഇതിന്റെ പെട്ടെന്നുണ്ടായ അനന്തരഫലം ഒരുപാട് ഷോപ്പുകളേയും ഓഫീസുകളേയും നിർമ്മാണത്തിലിരിക്കുന്ന ഷോപ്പിങ് മാളുകളിലേക്കും വാണിജ്യ കേന്ദ്രങ്ങളിലേക്കും ഓടിക്കുക എന്നതായിരുന്നു. തമ്മൂലം ഭൂമിയുടേയും കെട്ടിടങ്ങളുടേയും വില അനേകം മടങ്ങായി ചീറിക്കയറി. അതേസമയം സഭർവാളിന്റെ മക്കൾ നിർമ്മാണസ്ഥാപനങ്ങളുടെ പങ്കാളികളാകുകയും വൻതോതിൽ ലാഭമുണ്ടാക്കുകയും ചെയ്തു. ജ. സഭർവാളിന്റെ പുത്രന്മാരുടെ രജിസ്റ്റേർഡ് ഓഫീസുകൾ പിതാവിന്റെ ഔദ്യോഗിക വസതിയിലായിരുന്നുവെന്നും സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടുന്നു.

മുമ്പ് ജഡ്ജിമാരായിരുന്ന പലരായും ഔട്ട്‌ലുക്ക് ബന്ധപ്പെട്ടുനോക്കി. അവരൊക്കെ ഇതെല്ലാം കേട്ട് അമ്പരക്കുകയാണുണ്ടായത്. സുപ്രീംകോടതി ജഡ്ജിയായിരുന്ന ജ. പി.ബി. സാവന്ത് പറഞ്ഞു: ഈ ആരോപണങ്ങൾ

# ജനകീയ ഓഡിറ്റിങ്ങിന്ന് എതിരായി സമരം

- അനുമേഹ യാദവ് -

തൊഴിൽ അവകാശ പദ്ധതി നടപ്പാക്കുന്നതിൽ മുൻനിന്നു പ്രവർത്തിച്ച രാജസ്ഥാനിൽ, അത് നടപ്പാക്കുന്നത് അത്ര സുഗമമല്ലെന്ന് വ്യക്തമായി. തൊഴിലവകാശ പദ്ധതിയുടെ മർമ്മം ജനകീയ ഓഡിറ്റിങ്ങാണ്.

തൊഴിൽ രഹിതർക്ക് കൊല്ലത്തിൽ നൂറുദിവസത്തെ പണിക്കുറപ്പു നൽകുന്ന ഒന്നാണ് തൊഴിലവകാശപദ്ധതി. ഓരോ പഞ്ചായത്തിലും പേർ രജിസ്റ്റർ ചെയ്യുന്നവർക്ക് തൊഴിൽ നൽകണം. ആർക്കെല്ലാം തൊഴിൽ നൽകി, എത്ര ദിവസം തൊഴിൽ നൽകി, ഇവരുടെ പ്രയത്നഫലം എന്താണ് എന്നെല്ലാമുള്ള കാര്യങ്ങൾ പഞ്ചായത്തുമായി ബന്ധപ്പെടാത്തവർ പരിശോധിക്കണം. ഒരു പഞ്ചായത്തിലെ പണിയുടെ പരിശോധന നടത്തുന്നത് അടുത്ത ഏതെങ്കിലും പഞ്ചായത്തിൽനിന്നുള്ള പൊതുപ്രവർത്തകരാകും. ഈ ജനകീയ ഓഡിറ്റിങ് ജനുവരിയിലും ഓഗസ്തിലും നടത്തണമെന്നാണ് വ്യവസ്ഥ.

എന്നാൽ രാജസ്ഥാനിൽ ഇക്കൊല്ലം ആഗസ്തിൽ പഞ്ചായത്ത് പ്രസിഡണ്ടുമാരും സെക്രട്ടറിമാരും കൂട്ടത്തോടെ പണിമുടക്കി. പ്രശ്നം ഗുരുതരമാണ്. പഞ്ചായത്തിലെ പണിക്കാർക്കുള്ള വേതനം തട്ടിത്തിന്നുന്നത് തടയാൻ, വേതനം ബാങ്ക് വഴിക്കാക്കിയിട്ടുണ്ട്. അതിനാൽ ആ വഴിക്ക് നാലു കാശുണ്ടാക്കാൻ മാർഗ്ഗമില്ലാതായി. എന്നാൽ പണിക്കാവശ്യമുള്ള സിമന്റ് മുതലായ സാമഗ്രികൾ സംഭരിക്കാനുള്ള അധികാരം പഞ്ചായത്തുകാർക്കായിരുന്നു. അതിൽ ഭയങ്കര തട്ടിപ്പു നടക്കുന്നതായി ➡

---

ആരേയും നടുക്കിക്കളയും. ആ ഷോക്കിൽനിന്ന് ഞാനും വിമുക്തനല്ല.

ഈ ആരോപണങ്ങളെക്കുറിച്ച് ഒരന്വേഷണം നടത്തണമെന്നാണ് മിക്കവരും പറയുന്നത്. ആർക്കും ആരെപ്പറ്റിയും ആരോപണങ്ങൾ ഉന്നയിക്കാമെന്ന് കേരള ഹൈക്കോടതി ചീഫ്ജസ്റ്റീസായിരുന്ന ജ. വി.എസ് മാളിമഠ് ഓർമ്മിപ്പിക്കുന്നു. ഭൂഷണന്മാർ പറയുന്നതിനെ ഞാൻ നിരാകരിക്കുകയല്ല, എന്നാൽ സത്യം അറിയാൻ അന്വേഷണം തന്നെ വേണം എന്ന് അദ്ദേഹം പറഞ്ഞു.

ജഡ്ജിമാർ ഉത്തരവാദപ്പെട്ടവരാകണമെന്ന് മുൻ ചീഫ് ജസ്റ്റീസ് ജെ.എസ്. വർമ്മ പറയുന്നു. നാം മറ്റുള്ളവർക്കായി ഉണ്ടാക്കുന്ന അളവുകോൽ സ്വന്തം കാര്യത്തിൽ കൂടുതൽ കർക്കശമാക്കണം. ഭൂഷണന്മാർ ഹാജരാക്കിയിരിക്കുന്നതരം തെളിവും വച്ച് സുപ്രീംകോടതിക്കെന്തു ചെയ്യാൻ കഴിയും എന്ന് അദ്ദഹം അത്ഭുതപ്പെട്ടു.

അല്പം തന്ത്രജ്ഞതയാണ് ഇപ്പോൾ വേണ്ടതെന്ന് സീനിയർ അഭിഭാഷകനായ രാജീവ് ധവാൻ പറയുന്നു. ഇപ്പോഴത്തെ കോർട്ടലക്ഷ്യ നടപടികൾ കയ്യോടെ ഉപേക്ഷിക്കുകയും ചീഫ് ജസ്റ്റീസും അറ്റോർണി ജനറലുംകൂടി പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും വേണം. അഴിമതിയാരോപണങ്ങൾക്കെല്ലാം അതീതരായ ജഡ്ജിമാർ ചേർന്ന് ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തി ജനങ്ങളോട് കാര്യം തുറന്നു പറയണം എന്ന് അദ്ദേഹം നിർദ്ദേശിച്ചു. (ഔട്ട്ലുക്ക്) ❑



കണ്ടെത്തിയതിനെത്തുടർന്ന് ഇവ സംഭരിക്കാനുള്ള അധികാരം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ഏൽപ്പിച്ചു. ഗവർമ്മേണ്ടിന്റെ ഈ "അതിക്രമ"ത്തിന്നെതിരായിട്ടായിരുന്നു സമരം.

തൊഴിലവകാശ പദ്ധതിക്ക് കൊട്ടക്കണക്കിന്ന് പണം ആവശ്യപ്പെട്ട 32 പഞ്ചായത്തുകളിൽ പരിശോധന നടത്തിയപ്പോൾ 29 പഞ്ചായത്തിലും വെട്ടിപ്പു കണ്ടെത്തി. അങ്ങനെ ചോർത്തിയെടുത്ത ആറുകോടി രൂപ അവരിൽനിന്ന് ഈടാക്കി.

സാധനങ്ങൾ വാങ്ങാനുള്ള അധികാരം പഞ്ചായത്തുകാരിൽനിന്നും ബ്ലോക്കിലേക്ക് മാറ്റിയതിനാൽ കാലതാമസം നേരിടുന്നുവെന്നാണ് പ്രതിഷേധക്കാരുടെ നേതാവായ പാദം സിങ് പറയുന്നത്. പഞ്ചായത്തുകളുടെ സ്വയം ഭരണാധികാരത്തിൽ ഗവർമ്മേണ്ട് തലയിടുന്നുവെന്നാണ് ജയപ്പൂരിലെ ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ ചേർന്ന പ്രതിഷേധ യോഗത്തിൽ സർപഞ്ച് അസോസിയേഷൻ പ്രസിഡണ്ടായ റോഷൻ അലി ഛരിപ്പ ആക്ഷേപിച്ചത്.

പഞ്ചായത്തുകാർ തെഴിലവകാശ പദ്ധതിക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിൽ ഭീമമായ തട്ടിപ്പു കണ്ടെത്തിയിരുന്നു. വിലകുറഞ്ഞ സാമഗ്രികൾ ഇരട്ടിവിലക്ക് വാങ്ങിയതായി രേഖയുണ്ടാക്കുക, രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളിൽനിന്ന് ഭീമമായ വില നൽകി സാധനങ്ങൾ വാങ്ങുക, നിലവിലില്ലാത്ത സ്ഥാപനങ്ങളിൽനിന്ന് സാധനങ്ങൾ വാങ്ങിയതായി രേഖയുണ്ടാക്കുക. എന്നിവയാണ് പ്രധാന തട്ടിപ്പു മാർഗ്ഗങ്ങൾ. ഇതിനെത്തുടർന്ന് കഴിഞ്ഞ ഏപ്രിലിലാണ് പുതിയ സംഭരണ രീതി സ്വീകരിക്കാൻ ഗവർമ്മേണ്ട് കൽപ്പന നൽകിയത്.

സർക്കാരിന്ന് സ്വന്തം ഓഡിറ്റ് സംവിധാനമുണ്ട്. പക്ഷെ ഇത്തരം പണികൾക്ക് അത് ഫലപ്രദമാവില്ല. നട്ടുവെന്നു പറയുന്ന മരങ്ങൾ ശരിക്കും നട്ടുവോ, നിർമ്മിച്ചുവെന്നു പറയുന്ന റോഡുകൾ ശരിക്ക് നിർമ്മിച്ചുവോ എന്നൊന്നും തലസ്ഥാന നഗരിയിൽ ഇരുന്നുകൊണ്ട് പരിശോധിക്കാനാവില്ല. നാട്ടുകാർക്കും അയൽഗ്രാമക്കാർക്കും മാത്രമേ ഇത്തരം കൃത്രിമങ്ങള തടയാൻ കഴിയൂ. അതുകൊണ്ടാണ് സാമൂഹ്യ ഓഡിറ്റിങ്ങ് കൂടിയേ തീരൂ എന്നു നിശ്ചയിച്ചിരിക്കുന്നത്.

സാമൂഹ്യ ഓഡിറ്റിങ്ങിന്റെ ജോയിന്റ് ഡയറക്ടറായ എം.എസ്. ഭുക്കാർ കഴിഞ്ഞ ഏപ്രിലിൽ ചുരു ജില്ലയിൽ ഒരു ഇൻസ്പെക്ഷൻ ടൂർ നടത്തി. ഒരിടത്ത് രണ്ടരകോടി രൂപയുടെ സിമന്റും ചരലും വാങ്ങിയതായുള്ള കണക്കു കണ്ടപ്പോൾ സംശയം തോന്നി. സിമന്റും ചരലും സപ്ലൈ ചെയ്തുവെന്നു പറയുന്ന സ്ഥാപനത്തിൽ അദ്ദേഹം നേരിട്ടൊരു പരിശോധന നടത്തി. അവിടെ അങ്ങനെ ഒരു സ്ഥാപനമേ ഇല്ലെന്നാണ് അവിടെയുള്ളവർ പറഞ്ഞത്. അജ്മീറിൽ ചെന്നപ്പോൾ, അവിടെ നാലു ജലസംഭരണികൾ നിർമ്മിച്ചതിന്റെ കണക്കു കണ്ടു. ജലസംഭരണികളിൽ നേരിട്ടു പരിശോധന നടത്തിയപ്പോൾ മൂന്നെണ്ണമേ കണ്ടെത്തിയുള്ളൂ. അരകിലോമീറ്റർ റോഡ് ചരൽ വിരിച്ച് ശരിയാക്കി എന്നെഴുതിവച്ചാൽ ആർക്കെങ്കിലും സംശയം തോന്നുമോ? ഇല്ല. പക്ഷെ പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാർ ഈ കള്ളപ്പണിയിലൂടെ പോക്കറ്റിലാക്കുന്നത് മൂന്നരലക്ഷം രൂപയാണ്. അതുകൊണ്ടാണ് പ്രാദേശിക തലത്തിൽതന്നെ ഓഡിറ്റിങ് വേണമെന്ന് അനുശാസിക്കുന്നത്.

ഒന്നോ രണ്ടോ പഞ്ചായത്തുകളിലല്ല, ഏതാണ്ട് എല്ലാ പഞ്ചായത്തുകളിലും ഇതുതന്നെയാണ് സ്ഥിതി. ജയസാൽമീറിലെ നച്ച്ന പഞ്ചായത്തിൽ നാലുപേർക്ക് 10,000 ക. വീതം നൽകിയതായി റിക്കാർഡുണ്ടായിരുന്നു. ജനകീയ ഓഡിറ്റുകാർ അന്വേഷിച്ചപ്പോ

# ദരിദ്രരെ ഭരിക്കുന്ന കോടീശ്വരന്മാർ

ഇന്ത്യയിലെ ജനങ്ങളിൽ എൺപതു ശതമാനവും ദരിദ്രരാണ്. എന്നാൽ അവരെ ഭരിക്കുന്നവരിലധികവും കോടീശ്വരന്മാരാണ് എസ്. ഡി. അഗർവാൾ വിവരാവകാശ നിയമപ്രകാരം ശേഖരിച്ച ആധികാരികമായ കണക്കുകളും ജനപ്രതിനിധികൾ എലക്ഷൻ കമ്മീഷന്നു സമർപ്പിച്ച കണക്കുകളും ഇത് വ്യക്തമാക്കുന്നു.

എം.പി.മാരുടെ ശമ്പളം ഈയിടെ 16,000 രൂപയിൽനിന്നും 50,000 രൂപയായി ഉയർത്തുകയുണ്ടായി. ഇതിന്നു പുറമെ നാനാവിധ അലവൻസുകളും അവർക്ക് ലഭിക്കും. രാഷ്ട്രപതിക്കു പോലും സ്വന്തം ശമ്പളം എത്രയാകണമെന്ന് നിശ്ചയിക്കാൻ അധികാരമില്ലെങ്കിലും എം.പി. മാരുടെ ശമ്പളം എത്രയാകണമെന്ന് അവർക്കുതന്നെ തീരുമാനിക്കാമെന്നത് ഒരു വിരോധാഭാസമാണ്.

ഇന്ത്യയിലെ 543 എം.പി. മാരിൽ 315 പേരും കോടീശ്വരന്മാരാണ്. ഒരു എം. പി. യുടെ ശരാശരി വരുമാനം അഞ്ചു കോടി രൂപയിലധികമായിരിക്കും ഒരു എം.പി. ക്ക് മാസത്തിൽ ഒന്നരലക്ഷം രൂപ ശമ്പളവും അലവൻസുകളുമായി കിട്ടുമെന്നല്ല വീട്, ഫോൺ യാത്രച്ചെലവ് എന്നിവ വേറെയും കിട്ടും.

ഭരണകക്ഷി കോൺഗ്രസ്സായിരിക്കുന്ന നാട്ടിൽ കോടിപതികളിലധികവും അവരാകുന്നത് സ്വാഭാവികമാണ്. കോൺഗ്രസ് എം. പി. മാർ 216 പേർ വരും അതിൽ 146 പേരും കോടീശ്വരന്മാരാണ്. ബി.ജെ.പി.ക്കാർ 116 ആണ്. അതിൽ 59 പേർ കോടീശ്വരന്മാരാണ്.

പട്ടികജാതിക്കാരെ പ്രതിനിധീകരിക്കുന്നുവെന്ന് അവകാശപ്പെടുന്ന ബി.എസ്.പി. യുടെ 21 എം. പി മാരിൽ 13 പേരും കോടീശ്വരന്മാരാണ്. അതുപോലെ പിന്നോക്ക സമുദായങ്ങളെ പ്രതിനിധീകരിക്കുന്നതായി പറയുന്ന രാഷ്ട്രീയ ജനതാദളിന്റെ അഞ്ചു എം. പി. മാരിൽ നാലുപേരും കോടിക്കണക്കിന്ന് രൂപയുടെ സ്വത്തുള്ളവരാണ്.

മാർക്സിസ്റ്റ് പാർട്ടിയാണ് ഇതിൽ ഏറ്റവും പിന്നിൽ അവർക്ക് 16 എം. പി. മാരുണ്ടെങ്കിലും കോടീശ്വരന്മാർ എന്നു പറയാവുന്നതായി ഒരേഒരാളേയുള്ളൂ.

➡

ഴാണ് പണി തുടങ്ങുന്നതിന്നു മുമ്പു തന്നെ നാലുപേരും മരിച്ചിരുന്നവെന്ന് അറിയുന്നത്; അവിടത്തെ പണിക്കാരുടെ പട്ടികയിലുള്ളവരിൽ അഞ്ചുപേർ സർക്കാർ ജീവനക്കാരാണെന്നും കണ്ടു.

ഇതിൽനിന്ന് തീർത്തും വ്യത്യസ്തമാണ് ആന്ധ്രയിലെ സ്ഥിതി. അവിടെ തൊഴിലവകാശ പദ്ധതിയിൽ തട്ടിപ്പ് കാണിച്ചതിന്ന് 3846 ഉദ്യോഗസ്ഥന്മാരെ ഡിസ്മിസ്സ് ചെയ്തിട്ടുണ്ട്. 1435 പേർ സസ്പെൻഷനിലുമാണ്. ആന്ധ്രയിൽ 1085 ബ്ലോക്കുകളിൽ ജനകീയ പരിശോധന നടന്നു. ഉദ്യോഗസ്ഥന്മാർ തട്ടിയെടുത്ത 81 കോടി രൂപയിൽ 15 കോടി വീണ്ടെടുത്തിട്ടുമുണ്ട്. ആന്ധ്രയിൽ ഇതിന്നകം തൊഴിലവകാശ പദ്ധതി പ്രകാരം 12,000 കോടി രൂപയുടെ പണി നടന്നു.

ജനകീയ ഓഡിറ്റിങ്ങിന്നു അവലംബിക്കേണ്ട രീതികളെല്ലാം ആന്ധ്ര ഗവർമ്മേണ്ട് ജനങ്ങളെ പഠിപ്പിക്കുന്നുണ്ട്. ഓരോ ഗ്രാമത്തിലും അയൽ ഗ്രാമക്കാരുടെ സാന്നിധ്യത്തിൽ മാത്രമേ ഓഡിറ്റിങ് നടത്തൂ. ❑



# മാവോയിസ്റ്റുകളെ സൃഷ്ടിക്കാൻ അതിർത്തി രക്ഷാസേനയും

- അമൻ സേഥി -

സുനീതാ തുലാവിയുടെ കഴുത്തിൽ മാലയിട്ടതു പോലെയുള്ള ഒരു പാട് കാണാം. ഛത്തീസ്ഗഢിലെ ക്യാമ്പിൽ പിടിച്ചുകൊണ്ടുപോയി ചോദ്യം ചോയ്തതിന്റെ പാടാണതെന്ന് സുനീത പറയുന്നു. കഴുത്തിന്നു ചുറ്റും എലക്ട്രിക് കമ്പി ചുറ്റി പൊള്ളിച്ചതിന്റെ പാടാണ് അത്. “അവരെന്റെ കണ്ണു മൂടിക്കെട്ടി. കൈകൾ പിന്നിൽ കെട്ടി. അതിന്നുശേഷം കഴുത്തിലും വയറ്റിലും ഷോക്ക് ഏല്പിച്ചു. മൂന്നു ദിവസം ചോദ്യം ചെയ്തതിന്നു ശേഷമാണ് എന്നെ വിട്ടയച്ചത്. എന്റെ അനുജത്തി ഇപ്പോഴും അവരുടെ തടങ്കലിലാണ്” എന്ന് 19 വയസ്സുള്ള സുനീത പറയുന്നു.

ഛത്തീസ്ഗഢിൽ തെക്കെ അറ്റത്തു കിടക്കുന്ന ദന്തേവാദെ ജില്ലയോട് ചേർന്ന് വടക്കുഭാഗത്ത് കിടക്കുന്ന ജില്ലയാണ് കാങ്കർ. സെപ്തംബർ 8-ാം

എം.പി. മാരുടെ സ്ഥിതി ഇതാണെങ്കിൽ മന്ത്രിമാരുടെ സ്ഥിതി ഇതിലും കടുത്തതാണ് – മന്ത്രിമാരിൽ മിക്കവരും കോടീശ്വരന്മാരാണ്. മന്ത്രിമാരിൽ മുഖ്യൻ പ്രധാനമന്ത്രിയാണെങ്കിലും സ്വത്തിന്റെ കാര്യത്തിൽ അദ്ദേഹം മുഖ്യനല്ല – പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്ന് നാലരകോടി രൂപയുടെ സ്വത്തേയുള്ളൂ. അതുപോലെ ധനകാര്യമന്ത്രി പ്രണവകുമാർ മുക്കർജിക്ക് ഒരു കോടി രൂപയുടെ സ്വത്തേയുള്ളൂ; എന്നാൽ അദ്ദേഹത്തിന്റെ ഭാര്യക്ക് ഒന്നരകോടിയുടെ സ്വത്തുണ്ട്.

വിദേശകാര്യമന്ത്രി എസ്.എം. കൃഷ്ണയും ഇതേ ഗണത്തിൽ പെടും. കൃഷ്ണക്ക് ഒരു കോടിയുടെ സ്വത്തും ഭാര്യ പ്രേമക്ക് മറ്റൊരു കോടിയുടെ സ്വത്തും ഉണ്ട്.

പെട്രോളിയം മന്ത്രി മുരളി ദേവോരയാണ് സ്വത്തുകാര്യത്തിൽ മുന്നിട്ടു നിൽക്കുന്നതിൽ ഒരാൾ. ദേവരക്ക് പതിനഞ്ചു കോടിയുടെ ആസ്തിയുള്ളപ്പോൾ ഭാര്യ ഹേമക്ക് 31 കോടിയുടെ സ്വത്തുണ്ട്. അതുപോലെ ഭാര്യയേക്കാൾ ദരിദ്രനായ ആളാണ് ആഭ്യന്തരകാര്യമന്ത്രി ചിദംബരവും. ചിദംബരത്തിന്റെ സ്വത്ത് അഞ്ചുകോടിയാണെങ്കിൽ ഭാര്യ നളിനിക്ക് ഏഴുകോടിയുടെ ആസ്തിയുണ്ട്. കൃഷികാര്യമന്ത്രി പവ്വാറിന്ന് നാലുകോടിയുടെ സ്വത്തുള്ളപ്പോൾ ഭാര്യക്ക് രണ്ടുകോടിയുടെ സ്വത്തുണ്ട്. മനുഷ്യവിഭവകാര്യമന്ത്രി കപിൽ സിബലിന്ന് 14 കോടിയുടെ സ്വത്തുള്ളപ്പോൾ ഭാര്യക്ക് ഏഴുകോടിയുടെ സ്വത്തേയുള്ളൂ.

മന്ത്രിസഭയിലെ ഏറ്റവും സമ്പന്നനായവരിലൊരാൾ സിവിൽ ഏവിയേഷൻ മന്ത്രി പ്രഫുൽ പട്ടേലാണ്. അദ്ദേഹത്തിന്ന് 35 കോടിയുടെ സ്വത്തുണ്ട്; ഭാര്യ വർഷക്കാകട്ടെ 40 കോടിയുടെ സ്വത്തുള്ളതായും വെളിപ്പെടുത്തിയിട്ടുണ്ട്.

ഈ കോടീശ്വരന്മാർക്കിടയിൽ അൽപം ചില ദരിദ്രന്മാരുമുണ്ട്. റെയിൽവേ മന്ത്രി മമതക്ക് ആറുലക്ഷത്തിന്റെ സ്വത്തേയുള്ളൂ. എന്നാൽ ഏറ്റവും ദരിദ്രൻ ദേശരക്ഷാമന്ത്രി എ. കെ. ആന്റണിയാണ്. ഏതാണ്ട് ഒരു ലക്ഷം രൂപയുടെ സ്വത്തേ അദ്ദേഹത്തിന്നുള്ളൂ. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-10-2010

തിയ്യതി പച്ചാംഗി, ആലൂർ എന്നീ രണ്ടു ഗ്രാമങ്ങളിൽനിന്ന് 15 വയസ്സിന്നും 19 വയസ്സിന്നും ഇടക്കു പ്രായമുള്ള ആറു പെൺകുട്ടികളടക്കം ഏഴുപേരെ മാവോയിസ്റ്റാണെന്നു പറഞ്ഞ് അതിർത്തിരക്ഷാസേനക്കാർ പിടിച്ചുകൊണ്ടു പോയിരുന്നു. ആഗസ്ത് 29ന്ന് കാങ്കറിൽ റോന്തു ചുറ്റിക്കൊണ്ടിരുന്ന അതിർത്തി സേനക്കാരെ മാവോയിസ്റ്റുകൾ ആക്രമിച്ചിരുന്നു. അതിർത്തിരക്ഷാസേനയിലെ മൂന്നു ജീവനക്കാരും രണ്ടു പോലീസുകാരും അതിൽ കൊല്ലപ്പെട്ടു. ഇതിനെത്തുടർന്നുള്ള വേട്ടയിലാണ് അതിർത്തിരക്ഷാസേനക്കാർ കുട്ടികളെ പിടിച്ചുകൊണ്ടുപോയത്. സെപ്തംബർ 5,6 തിയ്യതികളിൽ നടന്ന വേട്ടയിൽ പ്രത്യേകിച്ചാരേയും പിടികിട്ടിയില്ല. നാല്പതോളം പേരെ ഭീകരമായി മർദ്ദിച്ചു. എട്ടാം തിയ്യതിയിലെ വേട്ടയിലാണ് പെൺകുട്ടികളെ റാഞ്ചിയത്.

പുരുഷന്മാരെയെല്ലാം ഒരിടത്ത് പിടിച്ചിരുത്തിയശേഷം അതിർത്തിരക്ഷാസേനക്കാർ സ്ത്രീകളുടെ നേരെ തിരിഞ്ഞു. പലരുടേയും ബ്ലൗസ് വലിച്ചുകീറി അപമാനിച്ചു. പത്താം ക്ലാസിൽ പഠിക്കുന്ന 16 വയസ്സുള്ള ഒരു പെൺകുട്ടിയെ അകത്ത് തടഞ്ഞു നിർത്തി വസ്ത്രാക്ഷേപം നടത്തി. പഞ്ചാംഗി ഗ്രാമത്തിൽനിന്നും രണ്ടു പെൺകുട്ടികളേയും അഞ്ച് യുവാക്കളേയുമാണ് പിടികൂടിയത്. ആലൂർ ഗ്രാമത്തിൽനിന്ന് സുനീതയേയും അനുജത്തി സരിതയേയും പിടിച്ചതിന്നു പുറമെ രാജകുമാരി സോരി, ധൻസുകും, അനീത കുറേത്തി എന്നിവരേയും പിടിച്ചുകൊണ്ടുപോയി. സുനീതയെ സെപ്തംബർ 9ന്നു വിട്ടയച്ചു. സുനീതയുടെ അനുജത്തിയായ സരിതയും മറ്റ് അഞ്ച് പെൺകുട്ടികളും ഇപ്പോൾ ജയിലിലാണ്.



അതിർത്തി രക്ഷാ സേനക്കാരുടെ മർദ്ദനത്തിന്നിരയായ സുനീതയും അമ്മ മനോബായിയും.

അതിർത്തിരക്ഷാസേനക്കാരുടെ അതിക്രമങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടെല്ലാം അധികൃതർ ആദ്യം സമൂലം നിഷേധിച്ചുവെങ്കിലും, പിന്നീട് ഒരന്വേഷണത്തിന്ന് കല്പന നൽകുകയുണ്ടായി. അതിർത്തിരക്ഷാസേനക്കാരുടെ മർദ്ദനങ്ങൾക്കിരയായവരിൽ അഞ്ചുപേർ ഇപ്പോഴും ആസ്പത്രിയിൽ ചികിത്സയിലാണ്.

ഈ സംഭവത്തെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തുമെന്നും ആരെങ്കിലും അക്രമം കാണിച്ചതായി തെളിഞ്ഞാൽ അവരെ പ്രോസിക്യൂട്ട് ചെയ്യുമെന്നും അതിർത്തിരക്ഷാസേനയുടെ ഡയറക്ടർ ജനറലായ രമൺ ശ്രീവാസ്തവ ഉറുപ്പു നൽകിയിട്ടുണ്ട്.

❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.